VOL NO: 04 | ISSUE 08
www.nerpatham.com
mail@nerpatham.com

2020 FEBRUARY 29 | ₹12

# നേർപഥം

വാരിക



# സൂര്യൻ ക്വുർആനിക പരാമർശങ്ങളിലൂടെ

സ്ഥൂല പ്രപഞ്ചത്തിലെ അത്യത്ഭുത സൃഷ്ടിയാണ് സൂര്യൻ. പ്രാചീന കാലം മുതലേ സൂര്യന്റെ ഉദയാസ്തമയങ്ങൾ മനുഷ്യരെ അമ്പരപ്പിച്ചിട്ടുണ്ട്. പ്രാക്തന സമൂഹങ്ങളിൽ ആകാംക്ഷ വഴിമാറി ആരാധനയിലേക്ക് പരിണമിച്ച സ്ഥിതിവിശേഷവുമുണ്ടായി.ഊർജത്തിന്റെ ഉറവിടമായ സൂര്യന്റെ സവിശേഷതകളും അതിലൂടെ ലോകത്തിന് നൽകുന്ന ദൃഷ്ടാന്തങ്ങളും ക്വുർആനിലൂടെ അല്ലാഹു പലവുരു മനുഷ്യരെ ബോധ്യപ്പെടുത്തുന്നുണ്ട്. ദൈവിക-ശാസ്ത്രീയ പരിപ്രേഷ്യത്തിൽ സൂര്യനെ അടുത്തറിയാനുള്ള ശ്രമം.

**ഹിന്ദുത്വത്തിന്റെ സംഘടിത രൂപം**
**ജലാശയം വിഷമയമാകുന്നത് എല്ലാ മത്സ്യങ്ങളെയും ബാധിക്കും**
**ഇസ്തിഗാസയും സ്വഹാബത്തും പുരോഹിതന്മാരുടെ കബളിപ്പിക്കലും**

## മിതത്വം ഇസ്‌ലാമിന്റെ മുഖമുദ്ര

ഇസ്‌ലാമിനെ തീവ്രതയുടെ മതമായും മുസ്‌ലിംകളെ തീവ്രവാദത്തിന്റെ ആളുകളായും കാണുന്നവർ ഏറെയുണ്ട്. ഇസ്‌ലാം മിതത്വത്തിന്റെ മതമാണ്. ഒന്നിലും തീവ്രത പാടില്ലെന്ന് അത് നിഷ്‌കർഷിക്കുന്നു. വിശ്വാസത്തിലും ആരാധനകളിലും ഉണ്ണുന്നതിലും ഉറങ്ങുന്നതിലും അടക്കം എല്ലാറ്റിലും മിതത്വം പാലിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.



GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600

# GREEN HOME

## Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

### Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

/greenvalleycampus


+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

നേർപഥം
വാരിക

0163 / 2020 ഫെബ്രുവരി 29 / 1441 റജബ് 05 / പുസ്തകം 04 / ലക്കം 09




# ക്വുർആനിക പരാമർശങ്ങളിലൂടെ

ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി / 10

**മുഖമൊഴി**

മിതത്വം ഇസ്‌ലാമിന്റെ മുഖമുദ്ര / 05
എഡിറ്റർ

**ക്വുർആൻ പാഠം**

ഏറെ പൊറുക്കുന്ന അല്ലാഹു / 16
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ക്വുർആൻ ദർശനം**

തഹ്‌രീം (നിഷിദ്ധമാക്കൽ), ഭാഗം: 1 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

വിശപ്പിന്റെ വേദനിപ്പിക്കുന്ന കാഴ്ച / 34
സലാം സുറുമ എടത്തനാട്ടുകര

**ലേഖനം**

ഇസ്തിഗാസയും സ്വഹാബത്തും
പുരോഹിതന്മാരുടെ കബളിപ്പിക്കലും / 06
മൂസ സ്വലാഹി, കാര

ഹിന്ദുത്വത്തിന്റെ
സംഘടിത രൂപം / 18
ഡോ.സബീൽ പട്ടാമ്പി

സമർപ്പണം, സഹകരണം / 21
അബ്ദുൽ ജബ്ബാർ മദീനി

ജലാശയം വിഷമയമാകുന്നത്
എല്ലാ മത്സ്യങ്ങളെയും ബാധിക്കും / 26
ടി.കെ.അശ്റഫ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

# പൗരത്വ സമരം; കേസുകൾ പിൻവലിക്കണം: വിസ്ഡം മാധ്യമ ശിൽപശാല

കോഴിക്കോട്: പൗരത്വ നിയമവുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി നടക്കുന്ന പ്രക്ഷോഭങ്ങളിൽ പങ്കെടുത്തവർക്കെതിരെ എടുക്കുന്ന പോലീസ് കേസുകൾ അവസാനിപ്പിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട്ട് സംഘടിപ്പിച്ച സംസ്ഥാന മാധ്യമ ശിൽപശാല ആവശ്യപ്പെട്ടു.

സമാധാനപരമായി നടക്കുന്ന പ്രക്ഷോഭങ്ങൾക്കെതിരെയാണ് പോലീസ് നടപടികൾ സ്വീകരിച്ച് വരുന്നത്. രാജ്യത്തിന്റെ ഭരണഘടനാ തത്ത്വങ്ങളെയും മതനിരപേക്ഷ മൂല്യങ്ങളെയും സംരക്ഷിക്കുവാനുള്ള സമരങ്ങളെ അക്രമ മാർഗത്തിലേക്ക് തിരിച്ചുവിടാനും സമരങ്ങൾക്ക് മതപരമായ നിറംനൽകി അപരവൽക്കരിക്കുവാനും നടക്കുന്ന ശ്രമങ്ങളെ കരുതിയിരിക്കണമെന്ന് ശിൽപശാല ചൂണ്ടിക്കാട്ടി.

പൗരത്വ നിയമ ഭേദഗതിക്കെതിരെ കൂടുതൽ സംസ്ഥാനങ്ങൾ മുന്നോട്ട് വന്നത് സ്വാഗതാർഹമാണ്. ഈ അനുകൂല സാഹചര്യത്തെ ഉപയോഗപ്പെടുത്തി ദേശീയ പ്രക്ഷോഭം വ്യാപകമാക്കാൻ മതനിരപേക്ഷ കക്ഷികൾ ശ്രദ്ധിക്കണമെന്നും ശിൽപശാല ഓർമപ്പെടുത്തി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്റഫ് ശിൽപശാല ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കെ. സജ്ജാദ് അധ്യക്ഷത വഹിച്ചു. പ്രമുഖ ഫോട്ടോഗ്രാഫർ അസീം കോമാച്ചി, മലപ്പുറം ജില്ല പ്രസ് ക്ലബ്ബ് പ്രസിഡന്റ് ശംസുദ്ദീൻ മുബാറക്, ഡോ. പി.പി. നസീഫ്, അബ്ദുല്ലത്തീഫ്, സലാം സുറുമ എന്നിവർ വിവിധ പഠനസെഷനുകൾക്ക് നേതൃത്വം നൽകി.

വിസ്ഡം ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് മുജീബ് ഒട്ടുമ്മൽ, വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി അബ്ദുല്ല ഫാസിൽ, വിസ്ഡം സ്റ്റുഡൻസ് സെക്രട്ടറി ശമീൽ മഞ്ചേരി എന്നിവർ സംബന്ധിച്ചു.

## സംസ്ഥാനത്ത് കൂടുതൽ ലബോറട്ടറികൾ സ്ഥാപിക്കണം: വിസ്ഡം സ്റ്റുഡന്റ്സ്

കോഴിക്കോട്: കൊറോണ വൈറസ് വ്യാപനം വഴി ഭീതിതമായ സാഹചര്യത്തിലൂടെ കടന്നു പോകുന്ന വേളയിൽ സംസ്ഥാനത്ത് കൂടുതൽ ഗവേഷണങ്ങളും പഠനവും സാധ്യമാക്കുന്ന ലബോറട്ടറികളും അനുബന്ധ സംവിധാനങ്ങളും സജ്ജമാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കണമെന്ന് 'പ്രോഫ്കോൺ' നേതൃസംഗമം ആവശ്യപ്പെട്ടു.

നിപ്പ, കൊറോണ പോലെയുള്ള ദുരന്തങ്ങളിൽ സമയോചിതമായി കൃത്യമായ നിർദേശങ്ങളോടെ പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ ശ്രദ്ധിച്ച ആരോഗ്യവകുപ്പിന്റെ നടപടികൾ ശ്ലാഘനീയമാണ്. വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും അവബോധം നൽകുന്നതിനായി സ്കൂളുകളിൽ നടന്ന വീഡിയോ പ്രദർശനം ഫലപ്രദമായെന്നും സംഗമം അഭിപ്രായപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ഷമീൽ സംഗമം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.കെ ജാബിർ അധ്യക്ഷത വഹിച്ചു.

മാർച്ച് 13,14,15 തീയതികളിൽ കരുനാഗപ്പള്ളിയിൽ വെച്ച് നടക്കുന്ന 24ാമത് 'പ്രോഫ്കോൺ' പ്രൊഫഷണൽ സ്റ്റുഡന്റ്സ് ഗ്ലോബൽ കോൺഫറൻസിന്റെ പ്രചാരണ പരിപാടികൾ സംഗമം അവലോകനം ചെയ്തു. പ്രൊഫഷണൽ കോളേജുകളിൽ സംഘടിപ്പിച്ചുവരുന്ന 'സ്പാർക്സ് മീറ്റു'കൾ, ക്യാമ്പസ് റൂട്സ്, സന്ദേശയാത്ര, പ്രൊമാജിനേഷൻ ക്യാമ്പസ് ഇവന്റ്സ് തുടങ്ങിയ പദ്ധതികളുടെ പുരോഗതിയും സംഗമം വിലയിരുത്തി.

നൂറുദ്ദീൻ സ്വലാഹി, റിഷാദ് പൂക്കാടഞ്ചേരി എന്നിവർ ക്ലാസെടുത്തു. സംസ്ഥാന സെക്രട്ടറിമാരായ കെ.ശബീബ്, അബ്ദുൽ അഹദ്, ശമീൽ മഞ്ചേരി, സുഹൈൽ പരപ്പനങ്ങാടി തുടങ്ങിയവർ സംസാരിച്ചു.

മുഖമൊഴി

# മിതത്വം ഇസ്‌ലാമിന്റെ മുഖമുദ്ര

> തീവ്രതയും ഭീകരതയുമല്ല; മിതത്വവും സൗമ്യതയുമാണ് ഇസ്‌ലാമിന്റെ മുഖമുദ്ര

ഇസ്‌ലാമിനെ തീവ്രതയുടെ മതമായും മുസ്‌ലിംകളെ തീവ്രവാദത്തിന്റെ ആളുകളായും കാണുന്നവർ ഏറെയുണ്ട്. അറിവില്ലായ്മ കൊണ്ടും മനഃപൂർവം ഇസ്‌ലാമിനെ കരിവാരിത്തേക്കുവാൻ ശ്രമിക്കുന്ന വിമർശകരുടെ വ്യാജമായ ആരോപണങ്ങൾ വിശ്വസിച്ചുമാണ് പലരും അത് സത്യമാണെന്ന് കരുതുന്നത്. തുറന്ന മനസ്സോടെ ഇസ്‌ലാമിക പ്രമാണങ്ങളെ സമീപിച്ചാൽ തീരുന്നതാണ് ഈ തെറ്റായ ധാരണകൾ.

ഇസ്‌ലാം മിതത്വത്തിന്റെ മതമാണ്. ഒന്നിലും തീവ്രത പാടില്ലെന്ന് അത് നിഷ്‌കർഷിക്കുന്നു. വിശ്വാസത്തിലും ആരാധനകളിലും ഉണ്ണുന്നതിലും ഉറങ്ങുന്നതിലും അടക്കം എല്ലാറ്റിലും മിതത്വം പാലിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

ധനം ചെലവഴിക്കുന്ന വിഷയത്തിലും ഇതുതന്നെയാണ് ഇസ്‌ലാമിന്റെ നിലപാട്. അറുപിശുക്കനോ ധാരാളിയോ ആയി മാറരുതെന്ന് ക്വുർആനിലൂടെ അല്ലാഹു കൽപിക്കുന്നു:

"നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്നപക്ഷം നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടി വരും" (ക്വുർആൻ 17:29). "ചെലവഴിക്കുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ (ദൈവദാസന്മാർ)" (25:67).

തിന്നുന്നതിലും കുടിക്കുന്നതിലും അതിരുകവിയരുതെന്നും ഇസ്‌ലാം കൽപിക്കുന്നു: "...നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (7:31).

സ്രഷ്ടാവിനെ അനുസരിച്ച് ജീവിക്കുക, അവനെ മാത്രം ആരാധിക്കുക; ഓരോമനുഷ്യന്റെയും കടമയാണത്. സത്യവിശ്വാസം കൈക്കൊണ്ടവർ ഇതിനുവിരുദ്ധമായി പ്രവർത്തിച്ചാൽ അവന്റെ കർമങ്ങളെല്ലാം നിഷ്ഫലമായിപ്പോകും. എന്നാൽ ഈ ആരാധനാകർമങ്ങളിലും അതിരുകവിയുവാൻ പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അല്ലാഹു പറയുന്നു: "നിന്റെ പ്രാർഥന നീ ഉച്ചത്തിലാക്കരുത്. അത് പതുക്കെയുമാക്കരുത്. അതിന്നിടയിലുള്ള ഒരു മാർഗം നീ തേടിക്കൊളുക" (ക്വുർആൻ 17:110).

ഭക്തിയുടെ പേരിൽ സ്വദേഹങ്ങളെ പോലും പീഡിപ്പിക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. കാരണം ഇസ്‌ലാം പ്രകൃതിമതമാണ്. മനുഷ്യപ്രകൃതിക്ക് വിരുദ്ധമായ യാതൊന്നും അത് മനുഷ്യന്റെ മേൽ കെട്ടിവെക്കുന്നില്ല. പിന്നെ എങ്ങനെയാണ് ഒരു മുസ്‌ലിമിന് മതത്തിന്റെ പേരിൽ നിരപരാധികളെ ദ്രോഹിക്കുവാൻ കഴിയുക?

പ്രവാചകന്റെ ആരാധനകളെ സംബന്ധിച്ച് അന്വേഷിച്ചറിയുവാൻ ചെന്ന മൂന്നാളുകളിൽ ഓരോരുത്തരും ദൈവവുമായി കൂടുതൽ അടുക്കുവാനുള്ള ആഗ്രഹത്തോടെ പുതിയ ചില തീരുമാനങ്ങളെടുക്കുകയുണ്ടായി. എല്ലാം നല്ല കാര്യങ്ങൾ. എന്നിട്ടും അത് തന്റെ ചര്യയെ നിരാകരിക്കുന്നതും നിഷേധവുമായിട്ടാണ് പ്രവാചകൻﷺ കണ്ടത്. സ്വദേഹങ്ങളോടും ഇണകളോടും സമൂഹത്തോടുമൊക്കെയുള്ള കടമകളിൽനിന്നുള്ള ഒളിച്ചോട്ടം ഇസ്‌ലാം അനുവദിക്കുന്നില്ല. നല്ലതല്ലേ എന്ന ചിന്തയിൽ മതത്തിൽ സ്വതാൽപര്യാനുസരണം വല്ലതും കൂട്ടിച്ചേർക്കുവാനോ മതകാര്യങ്ങളിൽനിന്ന് വല്ലതും ഒഴിവാക്കുവാനോ ആർക്കും ഇസ്‌ലാം അനുവാദം നൽകുന്നുമില്ല.

മൂസ സ്വലാഹി, കാര
moosakara001@gmail.com



അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 13



# ഇസ്തിഗാസയും സ്വഹാബത്തും പുരോഹിതന്മാരുടെ കബളിപ്പിക്കലും

ഇസ്‌ലാം പഠിപ്പിക്കുന്ന ആരാധനയുടെ ഇനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് 'ഇസ്തിഗാസ' അഥവാ സഹായതേട്ടം. ഇത് അല്ലാഹുവല്ലാത്തവരോട് ആവുക എന്നത് ശിർക്കാണ്. വിശ്വാസികളുടെ ദൃഢപ്രതിജ്ഞയായി ക്വുർആൻ പഠിപ്പിക്കുന്നു: "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു" (ക്വുർആൻ 1:5).

നബിﷺ തന്റെ ജീവിതത്തിൽ അഭിമുഖികരിച്ച സകല പ്രതിസന്ധികളിലും പ്രയാസങ്ങളിലും സഹായം തേടിയത് അല്ലാഹുവിനോട് മാത്രമാണ്. യുദ്ധമുഖത്തും ഹിജ്‌റയുടെ സമയത്തും ശക്തമായ വരൾച്ച നേരിട്ട സന്ദർഭത്തിലും മഴ അധികമായ ഘട്ടത്തിലും അവിടുന്ന് അല്ലാഹുവിനോട് സഹായം തേടി പ്രാർഥിച്ചത് സത്യവിശ്വാസികൾക്ക് അനുപമമായ മാതൃകയാണ്.

നബിമാരോടും വലിയ്യുകളോടും അവരുടെ മരണത്തിന് ശേഷവും സഹായം തേടാം, അത് അഭൗതിക മാർഗത്തിലൂടെയുള്ള ചോദ്യമോ, ശിർക്കോ ആവുകയില്ല എന്നാണ് സമസ്ത അവരുടെ അടിസ്ഥാന വിശ്വാസമായി പഠിപ്പിക്കുന്നത്. ഈ വാദത്തെ സ്ഥാപിച്ചെടുക്കാൻ നിരവധി ക്വുർആൻ സൂക്തങ്ങളും പ്രവാചക വചനങ്ങളും ചരിത്ര സംഭവങ്ങളും ഇമാമുമാരുടെ വാക്കുകളും ഇവർ ദുർവ്യാഖ്യാനം ചെയ്തിട്ടുണ്ട്. കാര്യകാരണ ബന്ധങ്ങൾക്കതീതമായ സഹായതേട്ടം സ്വഹാബിമാർ നബിﷺയോട് അവിടുത്തെ ജീവിത കാലത്തും മരണത്തിന് ശേഷവും നടത്തി എന്നാണ് ഇവർ ജൽപിക്കുന്നത്.

ഒരു മുസ്‌ലിയാർ എഴുതുന്നു: "എന്നാൽ മഹാന്മാരോടുള്ള ഇസ്തിഗാസ(സഹായാർഥന), ഇസ്തിശ്ഫാഅ് (ശിപാർശ തേട്ടം) വഫാത്തിന് ശേഷം ശിർക്കും ജീവിതകാലത്ത് തൗഹീദുമെന്ന വഹാബിയൻ ചിന്താഗതിയും വിശ്വാസവും സ്വഹാബത്തിന് ഉണ്ടായിരുന്നില്ല. അങ്ങനെയൊരു വേർതിരിവ് ഹദീസ് ഗ്രന്ഥങ്ങളിലോ സ്വഹാബത്തിന്റെ ചരിത്രത്തിലോ കാണാൻ സാധ്യവുമല്ല. റസൂൽﷺയുടെ ജീവിത കാലത്തും വഫാത്തിന് ശേഷവും പ്രയാസ ഘട്ടങ്ങളുണ്ടായപ്പോൾ സ്വഹാബാക്കൾ പലപ്പോഴും അവിടത്തോട് ഇസ്തിഗാസ നടത്തിയാണ് പരിഹാരം കണ്ടിരുന്നത്" (സുന്നിവോയ്സ്, 2020 ജനുവരി 1-15, പേജ് 14).

ലേഖകൻ തന്റെ വാദത്തെ അന്യായങ്ങൾകൊണ്ട് അലങ്കരിച്ചിരിക്കുകയാണ്. വഹാബികൾ എന്ന പരാമർശം കൊണ്ട് അഹ്‌ലുസ്സുന്ന വൽജമാഅയെ മുറുകെ പിടിക്കുന്നവരെ വേദനിപ്പിക്കലാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. സ്വഹാബത്തിൽ ഒരാൾപോലും അവരുടെ ജീവിത കാലഘട്ടത്തിൽ പ്രാർഥനയാകുന്ന സഹായതേട്ടവും ശുപാർശതേട്ടവും നബിﷺയോടെന്നല്ല ജീവിച്ചിരിക്കുന്നവരോ, മരിച്ചവരോ ആയ ആരോടും നടത്തിയിട്ടില്ല. പ്രമാണങ്ങൾ പഠിപ്പിച്ചതിന് എതിരായി സ്വഹാബത്ത് വിശ്വാസിക്കുകയില്ലല്ലോ.

അല്ലാഹു പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (27:62).

ഈ കാര്യത്തിന്റെ ഗൗരവം നബിﷺ സ്വഹാബത്തിനെ തെര്യപ്പെടുത്തുകയുണ്ടായി. ഉബാദത്ത്ബ്നു സ്വാമിത്തിൽ‌رضي الله عنه നിന്ന്: "നബിﷺയുടെ കാലത്ത് വിശ്വാസികളെ ഉപദ്രവിച്ചിരുന്ന ഒരു കപടനുണ്ടായിരു ന്നു. സ്വഹാബത്ത് പറഞ്ഞു: 'നമുക്ക് നബിﷺയുടെ അടുത്ത് ചെന്ന് അവനിൽ നിന്ന് സഹായം തേടാം.' നബിﷺ പറഞ്ഞു: 'നിശ്ചയം, അല്ലാഹുവിനെ കൊണ്ടാണ് സഹായം തേടേണ്ടത്, എന്നെക്കൊണ്ടല്ല"(ത്വബ്റാനി).

ഇവിടെ നബിﷺക്ക് കപടന്റെ കാര്യത്തിൽ ഇടപ്പെടാൻ കഴിഞ്ഞിട്ടും സ്വഹാബത്തിനോട് ഇപ്രകാരം പറഞ്ഞത് തൗഹീദിനെ സംരക്ഷിക്കുക, വാക്കാ

> **നബിചര്യക്കും സ്വഹാബത്തിന്റെ നിലപാടുകൾക്കും എതിരായി അഹ്‌ലുസ്സുന്ന ഒരു കാലത്തും നിലകൊണ്ടിട്ടില്ല. നബിﷺയും ഉത്തമ തലമുറകളിൽ പെട്ടവരും പറയാത്തത് അവരുടെ പേരിലേക്ക് ചേർത്തും തെളിവും ന്യായവും നോക്കാതെ പലരെയും അന്ധമായി അനുകരിച്ചും നടക്കുന്നവർ ഇസ്‌ലാമിന്റെ മുഖമാണ് വികൃതമാക്കുവാൻ ശ്രമിക്കുന്നത് എന്ന് പറയാതിരിക്കാൻ നിർവാഹമില്ല.**



ലും പ്രവർത്തിയാലും ശിർക്ക് സംഭവിക്കാൻ സാധ്യതയുള്ള വഴികൾ തടയുക, റബ്ബിന്റെ മുമ്പിൽ വിനയാന്വിതനാവുക എന്നൊക്കെ ഉദ്ദേശിച്ചാണ്. അല്ലാതെ നിരുപാധികം സഹായതേട്ടത്തെ എതിർത്ത്, അല്ലാഹുവിന്റെ ഉദ്ദേശമുണ്ടെങ്കിൽ സൃഷ്ടികൾക്ക് സാധിക്കുന്ന കാര്യങ്ങളിൽ പരസ്പരം സഹകരിക്കുക എന്ന പുണ്യപ്രവർത്തനത്തെ തടഞ്ഞതല്ല.


ജീവിതകാലം, മരണശേഷം എന്നിങ്ങനെ ഇസ്തിഗാസയിലും ഇസ്തിശ്ഫാഇലും സ്വഹാബത്ത് വേർതിരിവ് കാണിച്ചിരുന്നില്ല എന്നാണ് മുസ്‌ലിയാരുടെ അടുത്ത ആരോപണം. ഹദീഥ് ഗ്രന്ഥങ്ങളിലോ, ചരിത്ര സംഭവങ്ങളിലോ അങ്ങനെ കാണാൻ സാധ്യമല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. ശിർക്കിന്റെ പ്രചാരകരായ ശിയാ, സ്വൂഫി, ബറേൽവി നേതാക്കൾ എഴുതിക്കൂട്ടിയത് മാത്രം വായിച്ചത് കൊണ്ടാണ് മുസ്‌ലിയാർക്കിത്ര ദുർവാശി! നബിﷺ ജീവിച്ചിരുന്ന കാലത്ത് കടുത്ത വരൾച്ച നേരിട്ടപ്പോൾ സ്വഹാബത്ത് അദ്ദേഹത്തോട് മഴക്ക് വേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെട്ടു. വഫാത്തിന്നുശേഷം ഉമറി(റ)ന്റെ കാലത്ത് വീണ്ടും വരൾച്ച ഉണ്ടായപ്പോൾ നബിﷺയുടെ പിതൃവ്യൻ അബ്ബാസി(റ)നോടാണ് അവർ പ്രാർഥിക്കാൻ പറഞ്ഞത്. അല്ലാതെ അവരാരും നബിﷺയുടെ ക്വബ്റിങ്കൽ ചെന്ന് പരാതി പറഞ്ഞില്ല. ഇമാം ബുഖാരി(റ) തന്റെ സ്വഹീഹിൽ 'കിതാബുൽ ഇസ്തിസ്ക്വാഇ'ൽ 'വരൾച്ച ബാധിച്ചാൽ ഇമാമിനോട് മഴക്ക് വേണ്ടി തേടാൻ ആവശ്യപ്പെടണം' എന്ന ഭാഗത്താണ് ഈ സംഭവം ഉദ്ധരിച്ചിട്ടുള്ളത്. അനുവദനീയമായ സഹായതേട്ടത്തിൽ തന്നെ സ്വഹാബത്ത് വേർതിരിവ് കാണിച്ചിരുന്നു എന്ന് ഈ ഹദീഥിലൂടെ വ്യക്തമായിരിക്കെ പരീക്ഷണഘട്ടങ്ങളിലുള്ള സഹായതേട്ടം ജീവിതകാലഘട്ടത്തിലും മരണാനന്തരവും അവർ നബിﷺയോട് നടത്തിയിരുന്നു; അതിൽ വേർതിരിവ് കാണിച്ചിരുന്ന എന്ന് ലേഖകൻ തട്ടിവിട്ടത് അക്രമമാണ്.

## എല്ലാം അടിസ്ഥാനരഹിത വാദങ്ങൾ

ലേഖകൻ തുടരുന്നു: "തെളിവുകളിലേക്ക് കടക്കുന്നതിന് മുമ്പ് ഒരു കാര്യം. ഈ ഹദീസുകളും അസറുകളും ഇസ്തിഗാസാവിരോധികൾക്ക് ദഹിച്ചെന്നുവരില്ല. അവരതിനെ മറികടക്കാൻ ഉസൂലിനെതിരായ കുറേ ദുർബല വാദവുമായി വരും. ഒരു കാര്യം പ്രത്യേകമായി മനസ്സിലാക്കേണ്ടതുണ്ട്. വഫാത്തായ മഹത്തുക്കളോട്, അല്ലെങ്കിൽ അഭൗതികമായി മറഞ്ഞ വഴിയിൽ കൂടി അല്ലാഹുവല്ലാത്തവരോട് സഹായാർഥന നടത്തുകയോ അവരിൽ നിന്ന് സഹായം പ്രതീക്ഷിക്കുകയോ ചെയ്യുന്നത് ശിർക്കാണെന്നാണല്ലോ അവാന്തരവിഭാഗങ്ങൾ വാദിക്കുന്നത്" (പേജ് 15).

ഇത്രയധികം പ്രയാസപ്പെട്ട് അഹ്‌ലുസ്സുന്നക്കെതിരെ മുസ്‌ലിയാർ ആക്ഷേപങ്ങൾ അഴിച്ചുവിടുന്നത് തങ്ങളുടെ തെറ്റായ ആശയത്തെ പ്രമാണങ്ങൾകൊണ്ട് സ്ഥാപിക്കുവാൻ പറ്റാത്തത് കൊണ്ടാണ്. നബിചര്യക്കും സ്വഹാബത്തിന്റെ നിലപാടുകൾക്കും എതിരായി അഹ്‌ലുസ്സുന്ന ഒരു കാലത്തും നിലകൊണ്ടിട്ടില്ല. നബിﷺയും ഉത്തമ തലമുറകളിൽ പെട്ടവരും പറയാത്തത് അവരുടെ പേരിലേക്ക് ചേർത്തും

> **സ്വഹാബത്തും സച്ചരിതരായ മുൻഗാമികളും ഭൗതികവും അഭൗതികവുമായ സഹായതേട്ടം എന്താണെന്ന് വേർതിരിച്ച് മനസ്സിലാക്കിയവരായിരുന്നു. അതിനാൽ അവരിൽ ആരുടെ മേലും ആർക്കും ശിർക്കാരോപിക്കേണ്ടി വരില്ല. ഇക്കാര്യം മനസ്സിലാക്കിയ പൂർവകാല പണ്ഡിതന്മാരും അങ്ങനെ തന്നെ. മതവിധികൾ സ്വീകരിക്കുമ്പോൾ സ്വഹീഹും ളഈഫും നോക്കുക എന്നത് അഹ്‌ലുസ്സുന്നയുടെ രീതിയാണ്. എന്നാൽ അന്ധമായി അനുകരിക്കുന്നവർക്ക് ഇത് അരോചകമാണ്. അവർ യാഥാർഥ്യങ്ങളെ വെറുക്കുന്നു. കെട്ടുകഥകളെ ഇഷ്ടപ്പെടുന്നു. തങ്ങളുടെ വികലമായ വിശ്വാസങ്ങളും ആചാരങ്ങളും തന്നെയായിരുന്നു മുൻഗാമികൾക്കും ഉണ്ടായിരുന്നത് എന്ന് സമർഥിക്കുവാനും സ്വയം സായൂജ്യമടയാനും ശ്രമിക്കുന്നു.**



തെളിവും ന്യായവും നോക്കാതെ പലരെയും അന്ധമായി അനുകരിച്ചും നടക്കുന്നവർ ഇസ്‌ലാമിന്റെ മുഖമാണ് വികൃതമാക്കുവാൻ ശ്രമിക്കുന്നത് എന്ന് പറയാതിരിക്കാൻ നിർവാഹമില്ല.


മതവിഷയങ്ങളിൽ വിശ്വാസികൾക്കിടയിൽ എപ്പോഴെല്ലാം അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തിട്ടുണ്ടോ അത്തരം ഘട്ടങ്ങളിലെല്ലാം ആ വിഷയങ്ങളുടെ ഉസ്വൂലും(അടിസ്ഥാനം), ഫുറൂഹും (അനുബന്ധം) നോക്കിയാണ് അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ പ്രമാണങ്ങളുടെ വെളിച്ചത്തിൽ അവയെ വിശകലനം ചെയ്തിട്ടുള്ളത്. അതുതന്നെയാണ് ഇസ്‌ലാമിന്റെ അധ്യാപനവും. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ലകാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (ക്വുർആൻ 4:59).

ഇർബാള് ഇബ്നുസാരിയ ﷺയിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: "നിങ്ങൾ എനിക്ക് ശേഷം ജീവിക്കുകയാണെങ്കിൽ ഒരുപാട് അഭിപ്രായ വ്യത്യാസങ്ങൾ കണ്ടേക്കും. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തും എനിക്ക് ശേഷം വരുന്ന സച്ചരിതരായ ഖലീഫമാരുടെ ചര്യയും പിൻപറ്റുക. അത് നിങ്ങളുടെ അണപ്പല്ലുകൾ കൊണ്ട് കടിച്ചുപിടിക്കുക. നൂതനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുക. നിശ്ചയം നൂതനാചാരങ്ങളെല്ലാം ദുർമാർഗമാണ്" (അബൂദാവൂദ്).

മനുഷ്യകഴിവിൽ പെടാത്ത കാര്യങ്ങൾ അല്ലാഹുവല്ലാത്ത ആരോടും എപ്പോൾ തേടിയാലും അത് ശിർക്ക് തന്നെയാണ്. അനേകം യുദ്ധങ്ങൾക്ക് നേതൃത്വം വഹിച്ച പ്രവാചകൻ ﷺ ഒരു നിമിഷമെങ്കിലും കഴിഞ്ഞകാല പ്രവാചകന്മാരിൽ നിന്ന് വല്ല സഹായവും പ്രതീക്ഷിച്ചോ? അബൂബക്കർ ﷺ, ഉമർ ﷺ എന്നിവരുടെ ഭരണകാലത്തുണ്ടായ ഏതെങ്കിലും വിജയങ്ങൾ വഫാത്തായ നബി ﷺയോട് അവർ സഹായം തേടിയതിന്റെ ഫലമായിരുന്നോ? അവർ അതിനായി അദ്ദേഹത്തോട് തേടിയിട്ടുണ്ടോ? ഉസ്മാൻ ﷺ, അലി ﷺ എന്നിവരുടെ കാലത്തുണ്ടായ കുഴപ്പങ്ങളിൽ ആശ്വാസം കണ്ടെത്താൻ അവരാരെങ്കിലും നബി ﷺയോട് പരാതിപ്പെട്ടോ? ഇല്ല എന്നല്ലേ ചരിത്രം പഠിപ്പിക്കുന്നത്? അപ്പോൾ ആരാണ് വ്യതിയാനം സംഭവിച്ചവർ? ആരാണ് നൂതനാശയക്കാർ?

ലേഖകൻ എഴുതുന്നു: "അപ്പോൾ സ്വഹാബത്തിന്റെ ഇസ്തിഗാസ സംഭവങ്ങളുദ്ധരിച്ച മുഹദ്ദിസുകളും ഇമാമീങ്ങളും സ്വഹാബത്തിന്റെ പേരിൽ ശിർക്കാരോപിക്കുകയായിരുന്നോ? അവർ സ്വന്തം ഗ്രന്ഥങ്ങളിൽ



ശിർക്ക് പഠിപ്പിക്കുമോ? ളുഹ്ഫും സ്വിഹ്ഹത്തുമല്ലല്ലോ വിഷയം, തൗഹീദും ശിർക്കുമാണ്. സ്വഹാബത്ത് ശിർക്കിന്റെ പണി ചെയ്തെന്നും മുഹദ്ദിസുകൾ അത് പ്രചരിപ്പിച്ചുവെന്നും ചിന്തിക്കാൻ പോലും വിശ്വാസികൾക്ക് പറ്റുമോ?" (പേജ് 15).

സ്വഹാബത്തും സച്ചരിതരായ മുൻഗാമികളും ഭൗതികവും അഭൗതികവുമായ സഹായതേട്ടം എന്താണെന്ന് വേർതിരിച്ച് മനസ്സിലാക്കിയവരായിരുന്നു. അതിനാൽ അവരിൽ ആരുടെ മേലും ആർക്കും ശിർക്കാരോപിക്കേണ്ടിവരില്ല. ഇക്കാര്യം മനസ്സിലാക്കിയ പൂർവകാല പണ്ഡിതന്മാരും അങ്ങനെ തന്നെ. മതവിധികൾ സ്വീകരിക്കുമ്പോൾ സ്വഹീഹും ളഈഫും നോക്കുക എന്നത് അഹ്‌ലുസ്സുന്നയുടെ രീതിയാണ്. എന്നാൽ അന്ധമായി അനുകരിക്കുന്നവർക്ക് ഇത് അരോചകമാണ്. അവർ യാഥാർഥ്യങ്ങളെ വെറുക്കുന്നു. കെട്ടുകഥകളെ ഇഷ്ടപ്പെടുന്നു. തങ്ങളുടെ വികലമായ വിശ്വാസങ്ങളും ആചാരങ്ങളും തന്നെയായിരുന്നു മുൻഗാമികൾക്കും ഉണ്ടായിരുന്നത് എന്ന് സമർഥിക്കുവാനും സ്വയം സായൂജ്യമടയാനും ശ്രമിക്കുന്നു.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്" (ക്വുർആൻ 33:58).

ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി
abdurazaksullamy@gmail.com





# സൂര്യൻ ക്വുർആനിക പരാമർശങ്ങളിലൂടെ

**സ്ഥൂല പ്രപഞ്ചത്തിലെ അത്യത്ഭുത സൃഷ്ടിയാണ് സൂര്യൻ. പ്രാചീന കാലം മുതലേ സൂര്യന്റെ ഉദയാസ്തമയങ്ങൾ മനുഷ്യരെ അമ്പരപ്പിച്ചിട്ടുണ്ട്. പ്രാക്തന സമൂഹങ്ങളിൽ ആകാംക്ഷ വഴിമാറി ആരാധനയിലേക്ക് പരിണമിച്ച സ്ഥിതിവിശേഷവുമുണ്ടായി. ഊർജത്തിന്റെ ഉറവിടമായ സൂര്യന്റെ സവിശേഷതകളും അതിലൂടെ ലോകത്തിന് നൽകുന്ന ദൃഷ്ടാന്തങ്ങളും ക്വുർആനിലൂടെ അല്ലാഹു പലവുരു മനുഷ്യരെ ബോധ്യപ്പെടുത്തുന്നുണ്ട്. ദൈവിക–ശാസ്ത്രീയ പരിപ്രേക്ഷ്യത്തിൽ സൂര്യനെ അടുത്തറിയാനുള്ള ശ്രമം.**

## അടിസ്ഥാന വിവരങ്ങൾ

ഭൂമിയിൽ നിന്നുള്ള ശരാശരി ദൂരം: 14.968 കോടി കി.മീ. (പതിനാല് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി എൺപതിനായിരം കിലോമീറ്റർ).

വ്യാസം (Diameter): പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി പതിനാറ് കിലോമീറ്റർ.

ചുറ്റളവ് (Circumference): നാൽപത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരത്തി അഞ്ച് കിലോമീറ്റർ.

വ്യാപ്തം (VOLUME): 1.40927 x 108 ക്യൂബിക് കി.മീ.

സാന്ദ്രത (DENTIY): 1.409 ഗ്രാം/ ക്യുബിക് സെന്റിമീറ്റർ.

കേവലകാന്തിമാനം (Absolute Magnitude) +4.83.

ഉപരിതല വിസ്തീർണം (AREA): 6.07877 x 1012 സ്ക്വയർ കി.മീ.

ഗുരുത്വം (GRAVITATION): 2.740 x 102 മീറ്റർ/ സെ.

പലായനപ്രവേഗം (ESCAPEVELOALY): 19.7കി.മി/സെ.

ഭ്രമണകാലം (സ്വന്തം അച്ചുതണ്ടിൽ തിരിയാൻ): 25.38 ഭൗമദിനങ്ങൾ (609.12 മണിക്കൂർ).

ഉപരിതലത്തിലെ ചൂട്: 5500 ഡിഗ്രി സെന്റിഗ്രെയ്ഡ്

ആന്തരിക താപം: ഒന്നര കോടി ഡിഗ്രി സെന്റിഗ്രെയ്ഡ്.

പ്രകാശ തീവ്രത: 3.83 x 1033 ഗ്രെയ്ഡ് എർഗ്/സെ.

കണക്കാക്കപ്പെടുന്ന പ്രായം: 460 കോടി വർഷം.

സൂര്യസ്ഥിരാങ്കം: 1.365-1.369 ഗണ/മീ2.

സൂര്യനെക്കുറിച്ചുള്ള പഠനം: Heliology ഹീലിയോളജി.


## സൂര്യന്റെ ഊർജോൽപാദനം

സൂര്യനിൽ 70 ശതമാനം ഹൈഡ്രജനും 28 ശതമാനം ഹീലിയവും ബാക്കി രണ്ടു ശതമാനം മറ്റു ഭാരമേറിയ മൂലകങ്ങളുമാണ് മുഖ്യഘടകങ്ങൾ. കാർബൺ, നൈട്രജൻ, ഓക്സിജൻ, നിയോൺ, മഗ്നീഷ്യം, സിലിക്കോൺ, അയേൺ എന്നിവയാണ് മറ്റു മൂലകങ്ങൾ.

കേന്ദ്രഭാഗത്ത് നിന്നുള്ള ആണവ പ്രവർത്തനത്തിലെ ഊർജം മുകൾപാളിയായ ഫോട്ടോസ്ഫിയറിലെത്തുന്നു. ഒരു വർഷമെടുത്താണ് ആന്തരികോർജം ഫോട്ടോസ്ഫിയറിലെത്തിക്കുന്നത്.

സൗരകേന്ദ്രത്തിലെ സാന്ദ്രത ഒരു ലക്ഷത്തി നാൽപത്തി എട്ടായിരം ക്യൂബിക്ക് കിലോമീറ്ററാണ്. ഫോട്ടോസ്ഫിയറിലെ താപനില 4000 മുതൽ 6000 വരെ ഡിഗ്രിസെന്റിഗ്രെയ്ഡാണ്. അതിന്റെ മുകളിലെ വാതകമേഖലയായ ക്രോമോസ്ഫിയറിലെ താപനില 50,000 കെൽവിനാണ്. ക്രൊമോസ്ഫിയറിന് മുകളിൽ കൊറോണയാണ്. അവിടെ 75000 കി.മീ. ഉയരത്തിൽ 2 കോടി കെൽവിനാണ്.

സൂര്യൻ ഒരു സാധാരണ നക്ഷത്രമാണ്. മറ്റെല്ലാ നക്ഷത്രങ്ങളേക്കാളും വളരെ കൂടുതൽ ഭൂമിയോട് അടുത്താണ് എന്നതാണ് നമുക്കത് നക്ഷത്രമല്ല എന്ന് തോന്നാൻ കാരണം. മറ്റു നക്ഷത്രങ്ങളിൽ ഊർജം ഉൽപാദിപ്പിക്കുന്നതിന് വേണ്ടി നടക്കുന്ന അതേപ്രക്രിയ തന്നെയാണ് സൂര്യനിലും നടക്കുന്നത്. സൂര്യൻ എങ്ങനെയാണ് ദ്രവ്യത്തെ ഊർജമാക്കി മാറ്റുന്നത്? നക്ഷത്രത്തിന്റെ താപനില ഉയർന്നതാണ്. അത്കൊണ്ട് തന്നെ അവിടെ ദ്രവ്യം പ്ലാസ്മാരൂപത്തിലാണ് സ്ഥിതിചെയ്യുന്നത്. സാധാരണ ആറ്റങ്ങളിൽ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നീ കണികകളിൽ ന്യൂട്രോണിന് പോസിറ്റീവ് ചാർജോ നെഗറ്റീവ് ചാർജോ ഇല്ല. ഇലക്ട്രോണിന് നെഗറ്റീവ് ചാർജും പ്രോട്ടോണിന് പോസിറ്റീവ് ചാർജുമാണ് ഉള്ളത്. മിക്കവാറും ചാർജുള്ള കണികകൾ മാത്രമാണ് പ്ലാസ്മയിൽ ഉണ്ടായിരിക്കുക. വളരെ ഉയർന്ന താപനിലയാണ് ഈ അവസ്ഥക്ക് കാരണം. രണ്ടുതരം പ്രക്രിയകളെങ്കിലും സൂര്യനിൽ ഊർജോൽപാദനത്തിൽ നടക്കുന്നുണ്ട്. ഒരു മിനുട്ടിൽ 25 കോടി ടൺ ഹൈഡ്രജനെങ്കിലും സൂര്യനിൽ ഹീലിയമായി മാറുന്നുണ്ട്. രണ്ട് ഹൈഡ്രജൻ അണു കേന്ദ്രങ്ങൾ സംയോജിക്കുമ്പോൾ ഒരു ഡ്യൂട്ടീരിയം രൂപംകൊള്ളുന്നു. അതോടൊന്നിച്ച് ന്യൂട്രിനോ എന്ന കണികകളും പോസിറ്റീവ് ചാർജുള്ള പോസിട്രോണും കൂടി ഉണ്ടാകുന്നു. പോസിട്രോണുകളും ഇലക്ട്രോണുകളും പരസ്പരം നശിപ്പിക്കുന്നു. ഡ്യൂട്ടീരിയം മറ്റൊരു അണുകേന്ദ്രവുമായി യോജിച്ച് ഹീലിയം 3 ഉണ്ടാകുന്നു. അടുത്ത ഘട്ടത്തിൽ ഇത്തരം 32 ഹീലിയം 3 അണുകേന്ദ്രങ്ങൾ ചേർന്ന് ഹീലിയം 4 എന്ന അണുകേന്ദ്രവും രണ്ട് പ്രോട്ടോണുകളും ഉണ്ടാകുന്നു. അഥവാ രണ്ടു വഴികളിലായി നാല് പ്രോട്ടോണുകളിൽ തുടങ്ങി ആറെണ്ണം തമ്മിൽ ചേർന്ന് അവസാനം ഒരു ഹീലിയത്തിലും രണ്ട് പ്രോട്ടോണുകളിലും ചെന്നവസാനിക്കുന്നു. പ്രോട്ടോണുകൾ പഴയപ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു. ഹീലിയം സൗരചൂളയിലെ ചാരമാണ്. ഓരോ സെക്കന്റിലും 6570 ലക്ഷം ടൺ ഹൈഡ്രജൻ ഹീലിയമാക്കി മാറ്റപ്പെടുന്നുണ്ട്. അതിൽ ഒരു ശതമാനത്തിൽ താ



ഴെ അഥവാ 0.71% അതായത് 45 ടൺ ദ്രവ്യത്തിന്റെ തുല്യമാണ് ഊർജമായി മാറുന്നത്.

രണ്ടാമത്തെ പ്രക്രിയ ഇപ്രകാരമാണ്: ഒരു കാർബൺ-12 അണുകേന്ദ്രം തുടങ്ങിവെക്കുന്ന പ്രക്രിയയിൽ നൈട്രജൻ-13ന്റെ ഒരു അണുകേന്ദ്രം ഒരു ന്യൂട്രിനോയും പ്രോസിട്രോണും വിട്ടുകൊടുത്ത് കാർബൺ-13 ആകുന്നു. തുടർന്നുള്ള മാറ്റങ്ങളിലൂടെ ഇതും ഒടുക്കം ഹീലിയം-4 അണുകേന്ദ്രം ഉൽപാദിപ്പിക്കുന്നു. കൂടാതെ കാർബൺ-12ഉം ഉണ്ടാക്കുന്നു. തുടങ്ങിയേടത്ത് തന്നെ എത്തുന്ന ഈ പ്രക്രിയയും ആവർത്തിക്കുന്നു. ഈ രണ്ട് പ്രക്രിയകളിലും കുറഞ്ഞഭാഗം ചൂടുംവെളിച്ചവുമായി പുറത്തേക്ക് തെറിക്കുന്നു. എല്ലാ ഭാഗത്തേക്കും തെറിക്കുന്നതിൽ ചെറിയൊരു ഭാഗം മാത്രമാണ് ഭൂമിയിലേക്കെത്തുന്നത്. ഒരു ബൾബിന്റെ പ്രകാശത്തിൽ വളരെക്കുറച്ച് മാത്രമാണ് നമുക്ക് പുസ്തകം വായിക്കാൻ ഉപകരിക്കുന്നത് എന്നപോലെ.

പ്രപഞ്ചനാഥനായ അല്ലാഹു നമുക്ക് വേണ്ടി ഒരുക്കിയ ഈ പ്രവർത്തനത്തിലേക്ക് ശ്രദ്ധതിരിക്കാനും അതിലെ ദൃഷ്ടാന്തങ്ങൾ ഉൾക്കൊണ്ട് നന്ദിയുള്ള ഒരു വിശ്വാസിയായി ജീവിക്കാനും അല്ലാഹു നമ്മെ ക്വുർആനിലൂടെ ഉണർത്തുന്നു.

78ാം അധ്യായം 13ാം വചനത്തിൽ അല്ലാഹു പറയുന്നു: "കത്തിജ്വലിക്കുന്ന ഒരു വിളക്ക് നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു."

## സൂര്യന്റെ ചലനങ്ങൾ

ക്വുർആൻ 36:38ൽ പറയുന്നു: "സൂര്യൻ അതിന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്."

ഇവിടെ 'ലി മുസ്തക്വർറിൻ ലഹാ' എന്നതിന് പകരം 'ലാ മുസ്തക്വർറ ലഹാ' എന്നൊരു ക്വിറാഅത്തും ഉണ്ട്. അപ്പോൾ അതിന്റെ ആശയം സൂര്യന് നിശ്ചലാവസ്ഥയില്ല എന്നായിരിക്കും.

സൂര്യന് 5 തരം ചലനങ്ങൾ ഉള്ളതായി ഹീലിയോളജിസ്റ്റുകൾ കണ്ടെത്തിയിട്ടുണ്ട്.

1. സൗരസ്പന്ദനങ്ങൾ.
2. സ്വന്തം അച്ചുതണ്ടിലുള്ള ഭ്രമണം.
3. സൗരയൂഥ കേന്ദ്രത്തിലെ ചലനം.
4. ഗ്യാലക്സി കേന്ദ്രത്തിന് ചുറ്റുമുള്ള ചലനം.
5. പ്രപഞ്ച വികാസത്തിന്റെ കൂടെയുള്ള ചലനം.


### 1. സൗരസ്പന്ദനങ്ങൾ

സൂര്യന്റെ ഉപരിതലത്തിൽ 160 മിനുട്ട് ഇടവേളകളിൽ ആവർത്തിക്കുന്ന വീർക്കലും ചുരുങ്ങലും സംഭവക്കുന്നുണ്ട് എന്ന് സോവിയറ്റ് യൂണിയനിലെ അക്കാഡമീഷ്യൻ സെർവെനിയും അമേരിക്കയിലെ ഡോ. ഹെന്റിഹില്ലും ചില ബ്രിട്ടീഷ് ശാസ്ത്രജ്ഞന്മാരും ചേർന്നാണ് കണ്ടുപിടിച്ചത്.

### 2. സ്വന്തം അച്ചുതണ്ടിലുള്ള ഭ്രമണം

ഇതിന് സൂര്യൻ 25.38 ഭൗമദിനങ്ങൾ അഥവാ 609.12 മണിക്കൂറാണ് എടുക്കുന്നത്. അഥവാ സൂര്യന്റെ ഒരു ദിവസം ഭൂമിയിലെ 26 ദിവസങ്ങൾക്ക് തുല്യമാണ്. ഭൂമിയെപ്പോലെയല്ല സൂര്യന്റെ സ്വന്തം അച്ചുതണ്ടിലെ ചലനം. സൂര്യന്റെ മധ്യരേഖാപ്രദേശം അച്ചുതണ്ടിന്റെ ചുറ്റും ഒരു റൗണ്ട് പൂർത്തിയാക്കാൻ ഭൂമിയിലെ 25 ദിവസങ്ങളുടെ യാത്രാദൈർഘ്യവും ഉത്തരായന ദക്ഷിണായന രേഖാപ്രദേശങ്ങൾ 26ദിവസവും ധ്രുവങ്ങളുടെ അടുത്ത ഭാഗങ്ങൾ 35 ദിവസവും എടുക്കുന്നു.

സൂര്യൻ ഒരു വാതകഗോളമായത് കൊണ്ടാണ് ഇങ്ങനെ ഓരോ മേഖലയും വ്യത്യസ്ത വേഗതയിൽ ചലിക്കുന്നത്. ഭൂമി ഒരു ഖരം ആയതിനാൽ ഓരോ പ്രദേശവും ഒരേസമയമാണ് അച്ചുതണ്ടിന് ചുറ്റും ചലിക്കാൻ എടുക്കുന്നത്.



### 3. സൗരയൂഥ കേന്ദ്രത്തിലെ ചലനം

സൗരയൂഥത്തിലെ ഗ്രഹങ്ങൾ സൂര്യനെയും ആകർഷിക്കുന്നുണ്ട്. എല്ലാ സൗരയൂഥകേന്ദ്രങ്ങളുടെയും ആകർഷണഫലമായി കമ്പിച്ചുരുളിന്റെ ആകൃതിയിലുള്ള ഭ്രമണപഥത്തിലൂടെ സൂര്യൻ ചലിച്ചുകൊണ്ടിരിക്കുന്നുണ്ട്.

### 4. ഗ്യാലക്സി കേന്ദ്രത്തിന് ചുറ്റുമുള്ള ചലനം

നമ്മുടെ ഗ്യാലക്സിയാണ് മിൽക്കീവേ. ഒരു ലക്ഷം പ്രകാശവർഷമാണ് അതിന്റെ വ്യാസം. അത് സ്വന്തം കേന്ദ്രത്തിന് ചുറ്റുമായി തിരിഞ്ഞുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഭാഗമായി ഗ്യാലക്സീ കേന്ദ്രത്തിൽ നിന്ന് 26000 പ്രകാശ വർഷങ്ങൾ ദൂരെയുള്ള സൂര്യൻ സൗരയൂഥത്തെയും കൊണ്ട് 23 കോടി വർഷങ്ങൾ കൊണ്ട് ഒരു ചുറ്റ് പൂർത്തിയാക്കുന്നുണ്ട്. ഈ 23 വർഷങ്ങൾക്ക് ഒരു കോസ്മിക് വർഷം എന്ന് പറയുന്നു.

### 5. പ്രപഞ്ച വികാസത്തിന്റെ കൂടെയുള്ള ചലനം


പ്രപഞ്ചം അത്യധികം വേഗതയിൽ വികസിച്ചുകൊണ്ടിരിക്കുകയാണെന്ന് എഡ്വിൻ. പി. ഹബ്ൾ എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തി. ക്വുർആൻ സൂറതുദ്ദാരിയാത്ത് 46ാം വചനത്തിൽ പ്രപഞ്ച വികാസത്തെ സൂചിപ്പിക്കുന്നു. മണിക്കൂറിൽ 7000 കി.മീ. വേഗതയിൽ സൂര്യനും ഇതിൽ പങ്കാളിയായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. സൂര്യൻ സഞ്ചരിക്കുന്നുവെന്ന് 1400 വർഷം മുമ്പ് പ്രസ്താവിച്ച ക്വുർആൻ സ്രഷ്ടാവിന്റെ വചനങ്ങൾ തന്നെ.

### സൂര്യന്റെയും ചന്ദ്രന്റെയും പ്രകാശങ്ങൾ തമ്മിലുള്ള വ്യത്യാസം

സൂര്യൻ ഒരു പ്രകാശ സ്രോതസ്സാണ്. എന്നാൽ ചന്ദ്രന്റെ പ്രകാശം സൂര്യനിൽനിന്ന് കിട്ടുന്ന പ്രകാശം ചന്ദ്രനിൽ തട്ടി പ്രതിഫലിക്കുന്നതാണ്. ഇക്കാര്യം ലോകത്ത് ആദ്യമായി പറഞ്ഞത് ഏകദേശം 9000 വർഷങ്ങൾക്ക് മുമ്പ് നൂഹ് നബി(അ)യാണ്. ഒമ്പതിനായിരം വർഷങ്ങൾക്ക് മുമ്പ് അപ്രകാരം പറയാൻ ദൈവദൂതന്മാർക്ക് മാത്രമേസാധിക്കൂ.

ക്വുർആൻ 71ാം അധ്യായം 16ാം വചനത്തിൽ പറയുന്നു:

"ചന്ദ്രനെ അവിടെ പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ ഒരു വിളക്കുമാക്കിയിരിക്കുന്നു."





സൂര്യനെ 'വിളക്ക്' എന്നും ചന്ദ്രനെ 'പ്രകാശം' എന്നും വിശേഷിപ്പിച്ചു എന്നതാണ് ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടത്. 33 പ്രാവശ്യം 'ശംസ്' (സൂര്യൻ) എന്ന പദം ക്വുർആനിൽ ഉപയോഗിച്ചിട്ടുണ്ട്.

സൂര്യന്റെയും ചന്ദ്രന്റെയും പ്രകാശങ്ങൾ തമ്മിലുള്ള വ്യത്യാസം ക്വുർആൻ സൂചിപ്പിക്കുന്നത് 10ാം അധ്യായത്തിലെ 5ാം വചനത്തിലാണ്:

"സൂര്യനെ ഒരു പ്രകാശമാക്കുകയും ചന്ദ്രനെ ഒരു ശോഭയാക്കുകയും ചെയ്തവനാണ് അവൻ (അല്ലാഹു)."

ഈ വചനത്തിൽ സൂര്യന്റെ പ്രകാശത്തിന് ഉപയോഗിച്ചിരിക്കുന്നത് ബഹുവചന പദമായ 'ദിയാഅ്' എന്നും ചന്ദ്രന്റെ ശോഭക്ക് ഉപയോഗിച്ചിരിക്കുന്നത് ഏകവചനപദമായ 'നൂർ' എന്നുമാണ്. ഇതിലെ ശാസ്ത്രീയ പ്രസക്തി എന്താണെന്ന് വ്യക്തമായി പറയാൻ കഴിയില്ല. സൂര്യന്റെ പ്രകാശം 7 കളറുകൾ ചേർന്നതാണല്ലോ. ഒരുപക്ഷേ, അതായിരിക്കാം കാരണം. സൂര്യപ്രകാശം ഏഴ് നിറങ്ങളുടെ സംയോജനമാണ് എന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ 1642ൽ ജനിച്ച ഐസക് ന്യൂട്ടനാണ്.

സൂര്യന്റെതുൾപ്പെടെയുള്ള പ്രകാശത്തെക്കുറിച്ച് അഗാധമായി പഠനം നടത്തുകയും 'കിതാബുൽമനാളിർ' (The Book of Optics) എന്ന ഗ്രന്ഥം ക്രിസ്താബ്ദം 1015ൽ എഴുതിയ അറബ് മുസ്‌ലിം പ്രകാശ ശാസ്ത്രജ്ഞനാണ് ഇ




ദൈവികമാണ്. അത് ഗ്രഹിച്ചെടുക്കുക മാത്രമാണ് മനുഷ്യൻ ചെയ്യുന്നത്.

ഭൂമി സ്വന്തം അച്ചുതണ്ടിൽ ഒരു പ്രാവശ്യം ഭ്രമണം ചെയ്യാൻ എടുക്കുന്ന സമയമാണ് ഒരു ദിവസം. അത് കൃത്യമായി പറഞ്ഞാൽ 23 മണിക്കൂർ 56 മിനുട്ട് 4.09 സെക്കന്റ് ആണ്. ഭൂമി സൂര്യനെ പരിക്രമണം ചെയ്യുമ്പോൾ ഒരു ഡിഗ്രി വീതം ഒരു ദിവസം മുന്നോട്ട് നീങ്ങുമ്പോൾ ഉണ്ടാകുന്ന 4 മിനുട്ട് കൂടി ഇതിലേക്ക് കൂട്ടുമ്പോൾ 24 മണിക്കൂർ എന്ന് കിട്ടുന്നു. 40075 കിലോമീറ്റർ ചുറ്റളവുള്ള ഭൂമി 24 മണിക്കൂർ കൊണ്ട് ഒരു പ്രാവശ്യം പടിഞ്ഞാറുനിന്ന് കിഴക്കോട്ട് തിരിയുമ്പോൾ 40075/24=1669.79 കിലോ മീറ്ററാണ് ഭൂമധ്യരേഖാ പ്രദേശത്തെ ഒരു മണിക്കൂർ സമയ വ്യത്യാസത്തിനാവശ്യമായ ദൂരം എന്ന് കിട്ടുന്നു. 40075 കിലോമീറ്റർ ചുറ്റളവുള്ള ഭൂമി 360 ഡിഗ്രി ഭ്രമണം ചെയ്യുമ്പോഴാണല്ലോ ഒരു പ്രാവശ്യം ഭ്രമണം പൂർത്തിയാകുന്നത്. 40075/360=111.31 കിലോ മീറ്ററാണ് ഭൂമധ്യരേഖയിൽ ഒരു ഡിഗ്രി എന്ന് മനസ്സിലാക്കാം. പടിഞ്ഞാറുനിന്ന് കിഴക്കോട്ട് തിരിയുമ്പോൾ കിഴക്ക് ഭാഗത്തുള്ള രാഷ്ട്രങ്ങളാണ് ആദ്യം സൂര്യന്റെ ഭാഗത്തേക്ക് വരുന്നത്. പടിഞ്ഞാറ് ഭാഗത്തുള്ള രാഷ്ട്രങ്ങൾ പിന്നീട് മാത്രമെ എത്തുകയുള്ളൂ.

ഒരു ഡിഗ്രിക്ക് 4 മിനുട്ട് പ്രകാശം 360 ഡിഗ്രിക്ക് 24 മണിക്കൂറാണല്ലോ സമയ വ്യത്യാസം. 360x4/60=24. സമയത്തിന്റെ മധ്യരേഖയായ ഗ്രീനിച്ചിൽ നിന്ന് ഓരോ ഡിഗ്രിക്ക് 4 മിനുട്ട് വീതം കിഴക്കോട്ടും 4 മിനുട്ട് വീതം പടിഞ്ഞാറോട്ടും കണക്കുകൂട്ടിയാൽ ഭൂമിയിൽ ഏറ്റവും കൂടിയ സമയവും ഏറ്റവും കുറഞ്ഞ സമയവും തമ്മിൽ നേരെ മറുഭാഗത്ത് കൂട്ടിമുട്ടും. ആ മുട്ടുന്ന സ്ഥലത്ത് കൂടെ ഉത്തരധ്രുവം മുതൽ ദക്ഷിണധ്രുവം വരെ വരച്ച സാങ്കൽപിക രേഖയാണ് അന്തർദേശീയ ദിനമാറ്റ രേഖ (International date line) എന്ന് പറയുന്നു. 1884ൽ വാഷിംഗ്ടൺ ഡി.സിയിൽ യോഗം ചേർന്ന് 26 രാഷ്ട്രങ്ങൾ ചേർന്നാണ് ഈ രേഖയെ അംഗീകരിച്ചത്. ഈ രേഖയുടെ രണ്ട് ഭാഗത്തും 24 മണിക്കൂർ സമയ വ്യത്യാസം ഉണ്ടാകും. ഉദാഹരണമായി ദിനരേഖയുടെ തൊട്ട് കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന കിരിബാറ്റി ദ്വീപിൽ വെള്ളിയാഴ്ച ലോകത്തിൽ ആദ്യത്തെ ജുമുഅ നടക്കുമ്പോൾ ഏതാനും കിലോമീറ്റർ പടിഞ്ഞാറ് ഭാഗത്തെ വെസ്റ്റേൺ സമോവയിൽ അതേസമയത്ത് വ്യാഴാഴ്ച ഉച്ചക്ക് ളുഹർ നമസ്കരിക്കുകയായിരിക്കും. ഒരേ രാഷ്ട്രത്തിനുള്ളിൽ രണ്ട് ദിവസം ആവാതിരിക്കാൻ ദിനരേഖയിൽ കിഴക്കോട്ട് വളച്ച രേഖക്ക് അലൂഷ്യൻ അഡ്ജസ്റ്റ്മെന്റ് എന്നും പടിഞ്ഞാറോട്ട് വളച്ചതിന് കിരിബാറ്റി അഡ്ജസ്റ്റ്മെന്റ് എന്നും പറയുന്നു. ഇന്ത്യ ഗ്രീനിച്ച് രേഖയിൽ നിന്ന് കിഴക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ലണ്ടനിലെ ഗ്രീനി

> **നമ്മുടെ ഗ്യാലക്സിയാണ് മിൽക്കിവേ. ഒരു ലക്ഷം പ്രകാശവർഷമാണ് അതിന്റെ വ്യാസം. അത് സ്വന്തം കേന്ദ്രത്തിന് ചുറ്റുമായി തിരിഞ്ഞു കൊണ്ടിരിക്കുമ്പോൾ അതിന്റെ ഭാഗമായി ഗ്യാലക്സീ കേന്ദ്രത്തിൽ നിന്ന് 26000 പ്രകാശ വർഷങ്ങൾ ദൂരെയുള്ള സൂര്യൻ സൗരയൂഥത്തെയും കൊണ്ട് 23 കോടി വർഷങ്ങൾ കൊണ്ട് ഒരു ചുറ്റ് പൂർത്തിയാക്കുന്നുണ്ട്. ഈ 23 വർഷങ്ങൾക്ക് ഒരു കോസ്മിക് വർഷം എന്ന് പറയുന്നു.**

ബ്നു ഹൈഥം. പ്രസ്തുത ഗ്രന്ഥത്തിന്റെ പ്രാധാന്യം പരിഗണിച്ചാണ് 2015നെ അന്താരാഷ്ട്ര പ്രകാശ വർഷം ആയി അംഗീകരിച്ചത്.

### സൂര്യനും സമയനിർണയവും

ഭൂമി പടിഞ്ഞാറുനിന്ന് കിഴക്കോട്ട് തിരിയുന്ന ഗ്രഹമാണ്. സൂര്യന്റെ സാന്നിധ്യമാണ് സമയനിർണയത്തന്റെ അടിസ്ഥാനം. ഇക്കാര്യം ക്വുർആൻ 6ാം 96ാം വചനത്തിൽ പറയുന്നു:

"സൂര്യനെയും ചന്ദ്രനെയും കണക്കുകൾക്ക് അടിസ്ഥാനവുമാക്കിയിരിക്കുന്നു."


ഗോള ശാസ്ത്രകണക്കുകളുടെ കൃത്യതയെ സൂചിപ്പിക്കുന്ന വചനങ്ങളാണിത്. ഗോളശാസ്ത്ര കണക്കുകൾ

ച്ചിലൂടെ കടന്നുപോകുന്ന രേഖാംശ രേഖയിൽ ഉള്ള സമയത്തെക്കാൾ 51/2 മണിക്കൂർ മുന്നിലാണ് ഇന്ത്യൻ സ്റ്റാന്റേർഡ് സമയം. ഇന്ത്യയുടെ രണ്ടറ്റവും രണ്ട് മണിക്കൂർ സമയ വ്യത്യാസമുണ്ട്. അതായത് ഏറ്റവും കിഴക്കേ അറ്റത്തുള്ള അരുണാചൽ പ്രദേശിൽ സൂര്യൻ ഉദിച്ച് 2 മണിക്കൂർ കഴിഞ്ഞേ ഗുജറാത്തിൽ സൂര്യൻ ഉദിക്കുകയുള്ളൂ. എന്നാൽ ഇന്ത്യയുടെ മധ്യഭാഗത്തിലൂടെ പോകുന്ന രേഖാംശ രേഖയിൽ ഉള്ള പ്രാദേശിക സമയത്തെ ഇന്ത്യയുടെ ഒട്ടാകെയുള്ള ഔദ്യോഗിക സമയമാക്കി അംഗീകരിച്ചു. അതാണ് ഇന്ത്യൻ സ്റ്റാന്റേർഡ് സമയം. രാജ്യത്തിന്റെ മധ്യഭാഗത്തെ പ്രാദേശിക സമയത്തെ രാഷ്ട്രത്തിന്റെയോ രാഷ്ട്രത്തിന്റെ ഒരു ഭാഗത്തിന്റെയോ സമയമായി അംഗീകരിക്കുന്നതിനാണ് സ്റ്റാന്റേർഡ് സമയം എന്ന് പറയുന്നത്. ഇതിന്റെയെല്ലാം അടിസ്ഥാനം സൂര്യനാണ്.

### സൂര്യഗ്രഹണം

സൂര്യന്റെയും ഭൂമിയുടെയും ഇടയിൽ സന്ദ്രൻ വരുമ്പോൾ സൂര്യനിൽ നിന്നുള്ള പ്രകാശത്തെ ചന്ദ്രൻ തടസ്സപ്പെടുത്തും. അതിനാൽ ചന്ദ്രന്റെ നിഴൽ ഭൂമിയിൽ പതിയും. ഭൂമിയിൽ നിന്ന് നോക്കുമ്പോൾ കറുത്ത ഒരു വസ്തു സൂര്യനെ മറച്ചതായി കാണാം. സൂര്യഗ്രഹണ സമയത്ത് ഭൂമിയിൽനിന്ന് കാണുന്ന ചന്ദ്രഭാഗത്ത് രാത്രിയായതിനാലാണ് ഇരുണ്ട വസ്തുവായി ചന്ദ്രനെ കാണുന്നത്. മുഹമ്മദ് നബിﷺക്ക് മാരിയ്യതുൽ ഖിബ്തിയ്യ എന്ന ഭാര്യയിൽ ജനിച്ച ഇബ്റാഹിം എന്ന കുഞ്ഞ് മരിച്ച ദിവസം സൂര്യഗ്രഹണം ബാധിച്ചപ്പോൾ ജനങ്ങൾ നബിﷺയുടെ മകൻ മരിച്ച ദുഃഖമാണ് സൂര്യനെ ബാധിച്ചത് എന്ന് പറഞ്ഞു. ഇത് കേട്ട പ്രവാചകൻﷺ മദീനാ പള്ളിയിലെ മിമ്പറിൽ കയറി ജനങ്ങളെ ഒരുമിച്ചുകൂട്ടി ഇങ്ങനെ പറഞ്ഞു: "ഒരാളുടെ ജനനംകൊണ്ടോ മരണംകൊണ്ടോ സൂര്യനോ ചന്ദ്രനോ ഒരു ഗ്രഹണവും ബാധിക്കുകയില്ല. അവ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്."

അന്ധവിശ്വാസങ്ങളുടെ കൂരിരുട്ടുകളിൽ നിന്ന് നേർമാർഗത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് ജനങ്ങളെ നയിക്കാൻ നിയോഗിക്കപ്പെട്ട പ്രവാചകൻ മകൻ മരണപ്പെട്ടതിന്റെ ദുഃഖത്തിനിടയിലും വ്യക്തിപൂജയും അന്ധവിശ്വാസവും തുടച്ചുനീക്കുന്നതിൽ ജാഗ്രത കാണിക്കുകയായിരുന്നു.



### സൂര്യന്റെ അന്ത്യം!

"സൂര്യന്റെ ജ്വലനം ഏകദേശം 10000 മില്യൺ വർഷങ്ങളാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇനിയും അഞ്ഞൂറ് കോടിയിലേറെ വർഷം കത്തിജ്വലിക്കാനുള്ള ഇന്ധനം സൂര്യനിലുണ്ടത്രെ. ഇനി ഇന്ധനം കഴിഞ്ഞുവെന്നിരിക്കട്ടെ; സൂര്യൻ ഒരു ചുവന്ന ഗോളമായിത്തീരും" (പ്രപഞ്ചം എൻസൈക്ലോപിഡിയ, സത്യൻ കല്ലുരുട്ടി, പേജ് 58).

സൂര്യന് അന്ത്യമുണ്ടെന്ന് ജോർജ് ഗ്രമോവ് എന്ന പ്രസിദ്ധനായ സോവിയറ്റ് അസ്ട്രോണമർ തന്റെ The birth and death of sun എന്ന പുസ്തകത്തിൽ (പേജ് 140) പറയുന്നു:

The Sun has a larger percentage of hydrogen gas in it's atmosphere which can be continually converted in to helium eventually a hydrogen is going to be burned up when their nuclear reaction will be ceased it will turn to an immensely cold body.

"സൂര്യനിൽ വൻ ശതമാനം ഹൈഡ്രജൻ വാതകമുണ്ട്. അതിന്റെ അന്തരീക്ഷം ഹീലിയമായി മാറും. ഹൈഡ്രജൻ ജ്വലിച്ച് തീരുകയും ആണവപ്രക്രിയ തുടരുകയും ചെയ്യുന്നതോടെ അതൊരു തണുത്തുറച്ച വസ്തുവായിത്തീരും."

നേരത്തെ നാം ഉദ്ധരിച്ച "സൂര്യൻ അതിന് സ്ഥിരമായുള്ള സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്" എന്ന ക്വുർആൻ സൂക്തം (36:38) സൂര്യൻ നിശ്ചലാവസ്ഥയിലായിത്തീരുന്ന കാലം ഉണ്ടാവും എന്നും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. തഫ്സീറു ഇബ്നു കഥീറിൽ രണ്ടാം വ്യാഖ്യാനം എന്ന നിലയിൽ ഇത് എടുത്തു പറഞ്ഞിട്ടുണ്ട്. 81ാം അധ്യായം സൂറതുത്തക്വീർ ഒന്നാം വചനത്തിൽ പറയുന്നു: "സൂര്യൻ ചുറ്റിപ്പൊതിയപ്പെടുമ്പോൾ." സൂര്യൻ കെട്ടടങ്ങിപ്രകാശരഹിതമാവുമ്പോൾ എന്നാണ് ഇതിന് വ്യാഖ്യാനം. ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com




# ഏറെ പൊറുക്കുന്ന അല്ലാഹു

മനുഷ്യർ എന്ന നിലയ്ക്ക് നമ്മുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും സമീപനങ്ങളിലുമെല്ലാം തന്നെ അബദ്ധങ്ങളും തെറ്റുകളും സംഭവിച്ചേക്കാം. ചിലരിൽ ചെറിയ ചെറിയ പാപങ്ങളാണ് സംഭവിക്കുന്നതെങ്കിൽ വേറെ ചിലയാളുകൾ ഗുരുതരമായ വലിയ പാപങ്ങൾ സംഭവിച്ചവരായിരിക്കും. ഈ പാപങ്ങളിൽനിന്നെല്ലാം മോചനം നേടണം എന്ന് മിക്കവരും ആഗ്രഹിക്കാറുണ്ട്.

പക്ഷേ, പലയാളുകളെയും വേട്ടയാടുന്ന ഒരു ചിന്തയുണ്ട്: 'ധാരാളം തെറ്റുകൾ ചെയ്ത ഞാൻ പാപമോചനത്തിനർഹനാണോ? ഞാൻ അറിഞ്ഞുകൊണ്ടല്ലേ പലപ്പോഴും പല തെറ്റുകളും ചെയ്തിട്ടുള്ളത്! പടച്ചവൻ എനിക്ക് പൊറുത്ത് തരുമോ? പൊറുത്ത് തരാൻ മാത്രം നിസ്സാരമായ തെറ്റല്ലല്ലോ ഞാൻ ചെയ്തിട്ടുള്ളത്!'


ഇങ്ങനെ ചിന്തിക്കുന്ന, നന്നാവണം എന്ന് ആഗ്രഹമുണ്ടായിട്ടും ചെയ്തുപോയ പാപങ്ങൾ ഓർത്ത് വിഷമത്തിൽ കഴിയുന്ന ധാരാളം ആളുകളുണ്ട്. ഇങ്ങനെയുള്ളവർക്ക് ഏറെ ആശ്വാസം നൽകുന്ന ഒരു ക്വുർആൻ വചനം കാണുക:

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (ക്വുർആൻ 39:53).

എത്ര മഹത്തരമായ വചനം! എണ്ണമറ്റ കുറ്റങ്ങൾ ചെയ്ത ആളുകളാണെങ്കിലും അല്ലാഹു അവരെ വിളിക്കുന്നത് 'എന്റെ അടിമകളേ' എന്നാണ്! എന്നിട്ട് അവരോട് പറയുന്നതോ 'നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിരാശരാകരുത്' എന്നും! പാപങ്ങളുടെ ആധിക്യത്താൽ നിരാശയിൽ കഴിയുന്ന ആളുകൾക്ക് ഇതിനെക്കാൾ വലിയ ആശ്വാസം എന്താണുള്ളത്? തുടർന്ന് പറയുന്ന വാക്കുകളും ആശ്വാസദായകം തന്നെ; അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുതരുന്നവനാകുന്നു!

അല്ലാഹുവിൽ പങ്കുചേർക്കുക എന്നതാണ് ഏറ്റവും വലിയ അക്രമം അഥവാ കുറ്റം. പക്ഷേ, അങ്ങനെയാണെങ്കിൽ പോലും ആത്മാർഥമായി പശ്ചാത്തപിക്കുന്നവർക്ക് ആ പാപവും അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാണ്.

ഒരു ചരിത്രശകലം ശ്രദ്ധിക്കുക: 'അംറുബിൻ ആസ്ؓ; അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കാൻ ഇഷ്ടമില്ലായിരുന്നു. തൗഹീദിനോട് വെറുപ്പായിരുന്നു. മുഹമ്മദ് നബിﷺയോടും അദ്ദേഹത്തിന് വെറുപ്പായിരുന്നു. പക്ഷേ, പിന്നീട് ഇസ്‌ലാമിന്റെ നന്മയും പുണ്യവും അദ്ദേഹം മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തിന് ഇസ്‌ലാം സ്വീകരിക്കണമെന്ന് ആഗ്രഹമുണ്ടായി. എന്നാൽ താൻ ജാഹിലിയ്യ കാലഘട്ടത്തിൽ ചെയ്തുപോയ വലിയ വലിയ പാപങ്ങൾ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. അദ്ദേഹം പ്രവാചകന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു: 'പ്രവാചകരേ, എനിക്ക് ഇസ്‌ലാം സ്വീകരിക്കണം. പക്ഷേ, എനിക്ക് ഒരു വ്യവസ്ഥ വെക്കാനുണ്ട്.' പ്രവാചകൻﷺ ദയാപൂർവം ചോദിച്ചു: 'എന്താണ് താങ്കളുടെ വ്യവസ്ഥ?' അദ്ദേഹം പറഞ്ഞു: 'എനിക്ക് കഴിഞ്ഞുപോയ പാപങ്ങളെല്ലാം പൊറുക്കപ്പെടണം. എന്റെ റബ്ബ് എനിക്ക് അത് പൊറുത്തുതരണം. എങ്കിൽ ഞാൻ ഇസ്‌ലാം സ്വീകരിക്കാം.' പ്രവാചകൻﷺ പുഞ്ചിരിതൂകിക്കൊണ്ട് അദ്ദേഹത്തോട് പറഞ്ഞു: 'ഒരാൾ ഇസ്‌ലാം സ്വീകരിക്കുന്നതോടുകൂടി അയാളുടെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടും എന്ന് താങ്കൾക്ക് അറിയില്ലേ?' സന്തോഷവാനായ അംറുബിൻആസ്ؓ പറയുകയാണ്: 'അന്നുമുതൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തി പ്രവാചകനായി മാറി.'



നോക്കൂ; പാപങ്ങൾ പൊറുക്കപ്പെടും എന്ന സന്തോഷവാർത്ത അദ്ദേഹത്തെ എത്രമാത്രം ആഹ്ലാദമുള്ളവനാക്കിയെന്ന്!


നമ്മുടെ നാഥൻ ഏറെ കാരുണ്യവാനാണ്, പാപങ്ങൾ പൊറുക്കുന്നവനാണ്. നാം എത്ര വലിയ തെറ്റുകൾ ചെയ്താലും, എത്രയധികം തെറ്റുകൾ ചെയ്താലും അവനോട് ഏറ്റുപറയുക. പശ്ചാത്താപ വിവശരായി മാറുക. ആവർത്തിക്കാതിരിക്കുക. അവൻ പൊറുത്തുതരും.

ആർക്കു വേണ്ടിയാണ് സ്വർഗം ഒരുക്കിവച്ചിരിക്കുന്നത് എന്ന് വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: "വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ" (ക്വുർആൻ 3:135).

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ?: 4



# ഹിന്ദുത്വത്തിന്റെ സംഘടിത രൂപം

**1923ൽ** സവർക്കറിന്റെ 'ഹിന്ദുത്വ' എന്ന പുസ്തകം ഇറങ്ങിയതിനെ തുടർന്ന് 'ഹിന്ദു രാഷ്ട്രം' എന്ന ലക്ഷ്യം നേടാൻ ഒരു സംഘടന ആവശ്യമാണെന്ന ഹിന്ദുത്വവാദികളുടെ ചിന്തയിൽ നിന്നുണ്ടായ ഒന്നാണ് 'രാഷ്ട്രീയ സ്വയം സേവക് സംഘ്' അഥവാ ആർ.എസ്.എസ് എന്നത്. 1925ൽ ഡോ. ഹെഡ്ഗേവാറാണ് തന്റെ ഗുരുവായ ബി.എസ്.മൂഞ്ചെയുടെ നിർദേശപ്രകാരം ഈ സംഘടനക്ക് രൂപം കൊടുത്തത്. മുസ്‌ലിം ലീഗിനു ബദലായി ഒരു 'ഹിന്ദുത്വ ലീഗ്' എന്ന നിലക്കാണ് ആർ.എസ്.എസ് ഉണ്ടായത് എന്നും ചരിത്രം പരിശോധിച്ചാൽ കാണാം. എന്നാൽ മുസ്‌ലിം ലീഗിന്റെ രൂപീകരണ ലക്ഷ്യം ഒരിക്കലും ഹിന്ദുക്കൾക്കെതിരെ തിരിയലായിരുന്നില്ല. ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ മുസ്‌ലിംകളെ ബോധവൽക്കരിക്കുകയും ഒന്നിപ്പിക്കുക്കയും ചെയ്യുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. മുസ്‌ലിം ലീഗ് കോൺഗ്രസ്സുമായി സഹകരിച്ച് ബ്രിട്ടീ

ഷുകാർക്കെതിരെ നിലകൊണ്ടപ്പോൾ ആർ.എസ്.എസ് സ്വാതന്ത്ര്യ സമര പരിപാടികളിൽ നിന്ന് വിട്ട് നിൽക്കുകയാണു ചെയ്തത്. സ്വാതന്ത്ര്യ സമരത്തിന് ആവേശം കാണിച്ച ചില ഹിന്ദു യുവാക്കളെ ഹെഡ്ഗേവാർ പിന്തിരിപ്പിക്കുകയും നിങ്ങൾക്കെന്തുകൊണ്ട് നിങ്ങളുടെ പണവും ഊർജവും 'സംഘത്തിനു' വേണ്ടി ചെലവഴിച്ചുകൂടാ എന്ന് അവരോട് ചോദിക്കുകയും ചെയ്തതായി ഹെഡ്ഗേ വാറിന്റെ ശിഷ്യനായ ഗോൾവാൾക്കർ എഴുതുന്നുണ്ട്. കാരണം അവരുടെ ഒന്നാമത്തെ ലക്ഷ്യം ബ്രിട്ടീഷുകാരെ തുടച്ച് നീക്കലായിരുന്നില്ല, മറിച്ച് മുസ്‌ലിം ക്രൈസ്തവ ഉന്മൂലനമായിരുന്നു.

ആർ.എസ്.എസിനു ഇന്ന് ഒരുപാട് പോഷക സംഘടനകളുണ്ട്. അതിൽ പെട്ടതാണ് വിശ്വഹിന്ദു പരിഷത്, ബജ്റംഗ്ദൾ തുടങ്ങിയവ. ഇവരുടെ വിദ്യാർഥി സംഘടനയാണ് എ.ബി.വി.പി. ആർ.എസ്.എസ് നേരിട്ട് രാഷ്ട്രീയത്തിൽ ഇടപെടുകയോ മത്സരിക്കുകയോ ചെയ്യാറില്ല. എന്നാൽ ആർ.എസ്.എസിന്റെ രാഷ്ട്രീയ രൂപമാണ് ബി.ജെ.പി. ആർ.എസ്.എസിന്റെ നയങ്ങൾ ബി.ജെ.പി നടപ്പിലാക്കുന്നു എന്ന് മാത്രം. ബി.ജെ.പിയുടെ മിക്ക നേതാക്കളും ആർ.എസ്.എസ് അംഗങ്ങളാണ് (ഇപ്പോഴത്തെ പ്രധാന മന്ത്രിയുൾപെടെ). മാതൃസംഘടനയായ ആർ.എസ്.എസിനെയും അതിന്റെ പോഷക സംഘടനകളെയും ചേർത്ത് മൊത്തത്തിൽ വിളിക്കുന്ന പേരാണു 'സംഘപരിവാർ' (സംഘ കുടുംബം) എന്നത്.

ചെറുപ്പക്കാർക്കും യുവാക്കൾക്കും മാനസിക, ശാരീരിക പരിശീലനങ്ങൾ നൽകുവാനായി രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും 'ശാഖകൾ' ഉണ്ട്. 1925ൽ കേവലം 100 പേരെകൊണ്ട് തുടങ്ങിയ ആർ.എസ്.എസിനു 2016ലെ കണക്ക് പ്രകാരം ഇന്ത്യയിൽ 56,859 ശാഖകളും 70 ലക്ഷത്തോളം സന്നദ്ധ പ്രവർത്തകരുമുണ്ട്.

1925 മുതൽ ഇതുവരെ ആർ.എസ്.എസ് 4 തവണ നിരോധിക്കപ്പെട്ടിട്ടുണ്ട്. ആദ്യത്തെത് സ്വാതന്ത്ര്യത്തിനു (1930-40) മുമ്പായിരുന്നു. ഗാന്ധിജിയെ വധിച്ചപ്പോൾ (1948) രണ്ടാമതും. അടിയന്തരാവസ്ഥ കാലത്ത് (1975) മൂന്നാം തവണയും ബാബരി മസ്ജിദ് തകർത്തതിന്റെ പേരിൽ (1992) നാലാം തവണയും നിരോധിക്കപ്പെട്ടു.

## ഹിറ്റ്ലറോടും മുസ്സോളിനിയുമോടുള്ള ആർ.എസ്.എസിന്റെ പ്രേമം

സംഘം രൂപപ്പെട്ടതിന്റെ ഒന്നാം തീയതി മുതൽ തന്നെ ഹിറ്റ്ലറോടും മുസ്സോളിനിയോടുമുള്ള അടങ്ങാത്ത പ്രേമം അവരുടെ ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും കാണാം. ഹിറ്റ്ലറും മുസ്സോളിനിയും ജർമനിയിലും ഇറ്റലിയിലും ചെയ്തത് വലിയ കാര്യമാണെന്നും സംഘം അവരെ മാതൃകയാക്കണമെന്നുമാണിവർ അനുയായികളോട് പറയുന്നത്. ഈ പ്രേമബന്ധത്തിനുള്ള ചില തെളിവുകൾ കാണാം:

ഒന്ന്: ലോകത്തുള്ള വിവിധ തീവ്രവാദ സംഘടനകളുടെ വിവരങ്ങൾ ചേർത്ത് തയ്യാറാക്കിയ Encyclopedia of Modern Worldwide Etxremists and Etxremist Groups എന്ന ഗ്രന്ഥത്തിൽ RSS എന്ന തലക്കെട്ടിന്റെ കീഴിൽ എഴുതുന്നത് കാണുക: "...Inspiration for this new group came from the Italian fascist patry with its uniform and mass demonstrations. British authorities soon banned RSS because of its militant activities and the group went underground. During World War 2, leaders of RSS were open admirers of Adolf Hitler ....(contd)"

"...ഈ സംഘടനക്കുള്ള പ്രചോദനം കിട്ടിയത് ഇറ്റലിയിലെ ഫാഷിസ്റ്റ് പാർട്ടിയിൽ നിന്നാണ്. അതിന്റെ യൂണിഫോമിന്റെ കാര്യത്തിലും പ്രകടനത്തിന്റെ കാര്യത്തിലും. ഇതിന്റെ മിലിറ്ററി രൂപം കണ്ടപ്പോൾ അന്നു തന്നെ ബ്രിട്ടീഷുകാർ ആർ.എസ്.എസിനെ നിരോധിച്ചിരുന്നു. തുടർന്ന് ഇവർ ഒളിവിൽ പോയി. രണ്ടാം ലോകമഹായുദ്ധ കാലത്ത് ആർ.എസ്.എസ് ഹിറ്റ്ലറുടെ ഭക്തരായിരുന്നു..."

(Encyclopedia of Modern World wide Etxremists and Etxremist Groups എന്ന ഗ്രന്ഥം, പേജ് 264)

രണ്ട്: ആർ.എസ്.എസിന്റെ രണ്ടാമത്തെ സർസംഘ് ചാലക് ആയിരുന്ന ഗോൾവാൾക്കർ പറയുന്നു: "വംശശുദ്ധിയും സംസ്കാര ശുദ്ധിയും നിലനിർത്തുന്നതിനു വേണ്ടി ജർമനി അതിലെ സെമിറ്റിക് വിഭാഗങ്ങളെ അഥവ ജൂതന്മാരെ ലോകത്തെ ഞെട്ടിക്കും വിധം തുടച്ചുനീക്കി. വംശാഭിമാനം അതിന്റെ ഉന്നത രൂപത്തിൽ ഇവിടെ നാം കാണുന്നു. വ്യത്യസ്ത വേരുകളുള്ള സംസ്കാരങ്ങൾക്കും വംശങ്ങൾക്കും ഒരുമിച്ച് നിലനിൽക്കാൻ കഴിയില്ല എന്നത് ജർമനി നമുക്ക് കാണിച്ച് തന്നു. ഹിന്ദുസ്ഥാനിനു ഇതിൽ നിന്ന് വലിയ പാഠങ്ങൾ പഠിക്കാനുണ്ട്" (ഗോൾവാൾക്കറിന്റെ 1939ൽ പ്രസിദ്ധീകരിച്ച We or Our Nationhood defined എന്ന പുസ്തകത്തിൽ നിന്ന്).



മൂന്ന്: സവർക്കർ പറയുന്നത് കാണുക: "നാസിസം ജർമനിയുടെ രക്ഷകനാണെന്ന് തെളിയിച്ചു തരുന്നു" (സവർക്കറിന്റെ 1949ൽ പ്രസിദ്ധീകരിച്ച 'ഹിന്ദു രാഷ്ട്ര ദർശൻ (ഹിന്ദു രാഷ്ട്ര വീക്ഷണം) എന്ന പുസ്തകത്തിൽ നിന്ന്).

### ഇറ്റലിയിൽ പോയി മുസ്സോളിനിയെ നേരിട്ട് കണ്ട് ശിഷ്യത്വം സ്വീകരിക്കുന്നു!

ഈ ഫാഷിസ്റ്റ് പ്രേമം ചെറുതൊന്നുമല്ല. മുസ്സോളിനി ഇറ്റലിയിൽ ഫാഷിസ സംവിധാനം തുടങ്ങിയ കാലത്ത് തന്നെ അദ്ദേഹത്തിൽ നിന്ന് നേരിട്ട് ഫാഷിസം പഠിക്കാൻ ഇന്ത്യയിൽ നിന്ന് ഒരാൾ പോയിട്ടുണ്ട്. മറ്റാരുമല്ല ആർ.എസ്.എസ് സ്ഥാപകനായ ഹെഡ്ഗേവാറിന്റെ ഗുരുവായ ബി.എസ്.മൂഞ്ചെ(B.S. Moonje). ഈ സംഭവം നടന്നത് 1931ലാണ്. മൂഞ്ചെ തന്നെ ഇക്കാര്യം തന്റെ ഡയറിയിൽ കുറിച്ചിട്ടിട്ടുണ്ട്. 1931, മാർച്ച് 19, ഉച്ചതിരിഞ്ഞ് 3 മണിക്ക് താൻ മുസ്സോളിനിയെ ഫാഷിസ്റ്റ് പാർട്ടിയുടെ ഇറ്റലിയിലെ ഹെഡ് ഓഫീസിൽ വെച്ച് കണ്ടു എന്ന് അടുത്ത ദിവസം (മാർച്ച് 20) എഴുതിയ കുറിപ്പിൽ എഴുതിയത് കാണാം, തുടർന്നുള്ള കാര്യങ്ങൾ മൂഞ്ചെ തന്നെ ഡയറിയിൽ എഴുതുന്നു:

"...ഞാൻ അദ്ദേഹത്തിനു (മുസ്സോളിനിക്ക്) കൈ കൊടുത്തുകൊണ്ട് ഞാൻ ഇന്ത്യയിൽ നിന്നുള്ള ഡോ. മൂഞ്ചെ ആണെന്ന് പരിചയപ്പെടുത്തി. അദ്ദേഹത്തിന് എന്നെക്കുറിച്ച് അറിയാമെന്നും ഇന്ത്യയിലെ സ്വാതന്ത്ര്യ സമരങ്ങളെ കുറിച്ചൊക്കെ ഞാൻ അറിയുന്നുണ്ടെന്നും പറഞ്ഞു. അദ്ദേഹം എന്നോട് യുണിവേഴ്സിറ്റി സന്ദർശിച്ചോ എന്ന് ചോദിച്ചു. ഞാൻ ബ്രിട്ടണിലെയും ജർമനിയിലെയും ഫ്രാൻസിലെയും സൈനിക കാമ്പുകൾ സന്ദർശിച്ചിട്ടുണ്ടെന്നും അതേ ഉദ്ദേശത്തിലാണ് ഇവിടെയും വന്നതെന്നും ഇവിടെയുള്ള ആളുകൾ എന്നെ നല്ല രീതിയിൽ സ്വീകരിക്കുന്നുവെന്നും സൗകര്യങ്ങൾ ചെയ്ത് തന്നിട്ടുണ്ടെന്നും ഞാൻ പറഞ്ഞു. ഇന്ന് രാവിലെ ഞാൻ നിങ്ങളുടെ ഫാഷിസ്റ്റ് സൈന്യത്തെ കണ്ടിരുന്നു. ഞാൻ അതിൽ വളരെ ആകൃഷ്ടനാണ്. ഇറ്റലിയുടെ വളർച്ചക്ക് അവരെ ആവശ്യമാണ്. അവരെ (ഫാഷ്സിസ്റ്റ് സൈന്യം) കുറിച്ചും താങ്കളെ കുറിച്ചും ഞാൻ പത്രങ്ങളിലൊക്കെ ധാരാളം വായിച്ചറിഞ്ഞിട്ടുണ്ട്. മുസ്സോളിനി എന്നോട് ചോദിച്ചു: 'അവരെ (സൈന്യത്തെ) പറ്റി എന്താണ് താങ്കളുടെ അഭിപ്രായം?'

ഞാൻ പറഞ്ഞു: 'ഞാൻ വളരെ സംതൃപ്തനാണ്. ഇറ്റലിക്ക് അവരെ ആവശ്യമാണ്.

ഇത് കേട്ട മുസ്സോളിനിയുടെ മുഖം സന്തോഷം കൊണ്ട് നിറഞ്ഞു. അദ്ദേഹം എന്നോട് പറഞ്ഞു: 'പക്ഷേ, നിങ്ങളുടെ ദൗത്യം (ഇന്ത്യയിലേത്) വളരെ ശ്രമകരമാണ്. എന്നാലും ഞാൻ എല്ലാ ആശംസകളും നേരുന്നു.' ഇത്രയും പറഞ്ഞു ചർച്ച അവസാനിപ്പിച്ച് മുസ്സോളിനി പോകാൻ എഴുന്നേറ്റു. ഞാനും എഴുന്നേറ്റു"

(ഈ കാര്യങ്ങൾ മൂഞ്ചെ തന്റെ ഡയറിയിൽ എഴുതിയതാണ്. ഈ ഡയറിയുടെ കോപ്പി ഡൽഹി ജവഹർലാൽ നെഹ്റു മെമ്മോറിയൽ ലൈബ്രറിയിൽ ലഭ്യമാണ്. ഇന്ത്യൻ പൊളിറ്റിക്സ് വിഷയത്തിൽ ഗവേഷണം നടത്തിയ ഇറ്റലിക്കാരിയായ Marzia Casolari അവരുടെ Hindutva's foreign tieups in 1930's Archival Evidences എന്ന പുസ്തകത്തിൽ ആർ.എസ്.എസും ഫാഷിസ്റ്റ് പാർട്ടിയും തമ്മിലുള്ള ബന്ധത്തിന്റെ തെളിവുകൾ ഉദ്ധരിക്കുന്നുണ്ട്. അതിൽ മൂഞ്ചെയുടെ ഈ സംഭാഷണം എടുത്ത് കൊടുക്കുന്നുണ്ട്).

ജർമനിയിൽ ഹിറ്റ്ലർ ജൂതന്മാരോട് ചെയ്തതിനെ സവർക്കർ ന്യായീകരിക്കാറുണ്ടായിരുന്നു. 1938 ഒക്റ്റോബർ 1ന് സവർക്കർ പറഞ്ഞു:

"ഹിറ്റ്ലർ ജർമനിയിൽ ജൂതന്മാരോട് ചെയ്തത് തന്നെയാണു മുസ്‌ലിംകളുടെ കാര്യത്തിൽ ഇന്ത്യയിൽ നമുക്കും ചെയ്യാനുള്ളത്" (Indian annual register, JulyDec. 1939, Volume 2, page 329, Culcutta).

### ആർ.എസ്.എസുകാർ സ്വാമി വിവേകാനന്ദന്റെ ഉപദേശം കേൾക്കുമോ?

"...നമ്മുടെ മാതൃരാജ്യം രണ്ട് ചിന്താധാരകളുടെ സംഗമഭൂമിയാണു ഹിന്ദുമതവും ഇസ്‌ലാമും. വേദാന്തം (ഇന്ത്യയുടെ) തലയാണെങ്കിൽ ഇസ്‌ലാം അതിന്റെ ശരീരമാണ്. ഇപ്പോഴുള്ള ഈ അശാന്തികളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും ഇന്ത്യ പ്രതാപത്തിലേക്ക് ഉയർന്ന് വരുമെന്ന് എന്റെ മനസ്സ് പറയുന്നു, വേദാന്തം തലയും ഇസ്‌ലാം ശരീരവുമാണെങ്കിൽ"(Quoted from: Complete Works of Swami Vivekananda, Volume 6, Epistles)

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 7



# സമർപ്പണം സഹകരണം

മഹനീയവും ഉന്നതവുമായ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനായി അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ശരീരവും സമ്പത്തും സമയവും വിനിയോഗിക്കലാണ് തദ്ഹിയ്യഃ അഥവാ സമർപ്പണം. സ്വാർഥതകളെ ബലികഴിച്ച്, ആദർശത്തിന് പ്രാമുഖ്യം നൽകി തനിക്ക് വിലപ്പെട്ടതും കനിപ്പെട്ടതുമെല്ലാം അല്ലാഹുവിനായി സമർപ്പിച്ച ഇബ്‌റാഹീം നബി(عليه السلام)യുടെ സമർപ്പണ കഥ സുവിദിതമാണല്ലോ. പുത്രൻ ഇസ്മാഈലിനെ ബലിയറുക്കുവാനുള്ള അദ്ദേഹത്തിന്റെ ത്യാഗമനഃസ്ഥിതി ഏവർക്കും മാതൃകാപരവുമാണ്.

അഹ്‌സാബ് യുദ്ധത്തിൽ തിരുനബി(ﷺ)യുടെ സ്ഥൈര്യവും ക്ഷമയും സമർപ്പണവും ജിഹാദും അനുധാവനം ചെയ്യുവാൻ അല്ലാഹു വിശ്വാസികളോട് കൽപിച്ചു. നബി(ﷺ)യിൽ നിന്ന് മാതൃക ഉൾക്കൊണ്ട്സ്വഹാബികൾ ധീരധീരമായ നിലപാടുകൾ സ്വീകരിക്കുകയും അല്ലാഹുവിനായി സ്വയം സമർപ്പിക്കുകയും ചെയ്തു. അല്ലാഹു പറയുന്നത് നോക്കൂ:

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്. സത്യവിശ്വാസികൾ സംഘടിത കക്ഷികളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു. അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിട്ടുള്ളത്. അതവർക്ക് വിശ്വാസവും അർപ്പണവും വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളൂ. സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷന്മാരുണ്ട്. ഏതൊരു കാര്യത്തിൽ അല്ലാഹുവോട് അവർ ഉടമ്പടി ചെയ്തുവോ, അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ(രക്തസാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു. അവർ(ഉടമ്പടിക്ക്) യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല" (ക്വുർആൻ 33: 21-23).

അല്ലാഹുവിന്റെ മാർഗത്തിൽ ശരീരം സമർപ്പിച്ചുള്ള രക്തസാക്ഷ്യം സമർപ്പണത്തിന്റെ ഏറ്റവും മികച്ച രൂപമാണ്. അബൂഹുറയ്റ ﵁ യിൽ നിന്ന് നിവേദനം. തിരുദൂതർ ﷺ പറഞ്ഞു:

"ജനങ്ങൾക്ക് ഏറ്റവും ഉത്തമമായ ജീവിതം, ഒരു വ്യക്തി; അവൻ അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ കുതിരയുടെ കടിഞ്ഞാൺപിടിക്കുകയും അതിന്റെ പുറത്ത് കുതിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ആരവമോ ഭീതിപ്പെടുത്തുന്ന ശബ്ദമോ കേൾക്കുകയായാൽ അവൻ അതിന്റെ പുറത്ത് കുതിക്കുകയും അവിടെ മരണമോ കൊലയോ കൊതിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ ഒരു വ്യക്തി; മലമേട്ടിലോ താഴ്‌വാരത്തോ അയാൾ ഗനീമത്ത് (യുദ്ധാർജിത) സ്വത്തിലാണ്. അയാൾ നമസ്‌കാരം നിലനിർത്തുന്നു. സകാത്ത് നൽകുന്നു. മരണം വന്നെത്തും വരെ തന്റെ രക്ഷിതാവിനെ ആരാധിക്കുന്നു. ജനങ്ങളോടുള്ള അയാളുടെ വർത്തനം നന്മയിൽ മാത്രമാകുന്നു"(മുസ്‌ലിം).

അനസ് ﵁ പറയുന്നു: അദ്ദേഹത്തിന്റെ പിതൃവ്യൻ അനസ് ഇബ്നുന്നദ്ർ ﵁ ബദ്റിൽ പങ്കെടുത്തിരുന്നില്ല. അതിനാൽ അദ്ദേഹം പറഞ്ഞു: "നബി ﷺ യോടൊത്തുള്ള ആദ്യയുദ്ധത്തിൽ ഞാൻ പങ്കെടുത്തില്ല. നബി ﷺ യോടൊത്ത് ഒരു യുദ്ധത്തിൽ അല്ലാഹു എന്നെ പങ്കെടുപ്പിച്ചാൽ എന്റെ ത്യാഗം അല്ലാഹു കാണുകതന്നെ ചെയ്യും." അങ്ങനെ അദ്ദേഹം ഉഹ്ദിൽ പങ്കെടുത്തു. ജനങ്ങൾ തോറ്റോടി. അദ്ദേഹം പറഞ്ഞു: "അല്ലാഹുവേ, മുസ്‌ലിംകൾ ചെയ്തതിൽ ഞാൻ നിന്നോട് മാപ്പിരിക്കുന്നു. മുശ്‌രിക്കുകൾ കൊണ്ടെത്തിച്ചതിൽ എന്റെ നിരപരാധിത്വം ഞാൻ നിന്നോട് ബോധിപ്പിക്കുന്നു." അങ്ങനെ അദ്ദേഹം തന്റെ വാളുമായി മുന്നോട്ടായുകയും സഅ്ദ് ഇബ്നുമുആദിനെ കണ്ടുമുട്ടുകയും ചെയ്തു. അദ്ദേഹം ചോദിച്ചു: "സഅ്ദ്, എങ്ങോട്ടാണ്? ഉഹ്ദിന്നിപ്പുറത്ത് ഞാൻ സ്വർഗം അനുഭവിക്കുന്നു.' അങ്ങനെ അദ്ദേഹം മുന്നേറുകയും രക്തസാക്ഷിയാവുകയും ചെയ്തു. തിരിച്ചറിയാനാവാത്ത വിധം അദ്ദേഹം വികൃതമാക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സഹോദരിയാണ് ഒരു കാക്കപ്പുള്ളി കൊണ്ട് അല്ലെങ്കിൽ വിരലറ്റം കൊണ്ട് അദ്ദേഹത്തെ തിരിച്ചറിഞ്ഞത്. എൺപതിൽപരം കുത്തുകളും വെട്ടുകളും അമ്പുകൊണ്ടുള്ള ഏറുകളും അദ്ദേഹത്തിലുായിരുന്നു"(ബുഖാരി).

അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കുന്നത് സമർപ്പണത്തിന്റെ മേന്മയാർന്ന മറ്റൊരു രൂപമാണ്. സമ്പത്ത് ചെലവഴിക്കുവാനുള്ള ആഹ്വാനവും പ്രോത്സാഹനവും പൊരുളുമായി അല്ലാഹു പറയുന്നു:



"ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനുള്ളതായിരിക്കെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്കെന്താണ് ന്യായം? നിങ്ങളുടെ കൂട്ടത്തിൽ നിന്നു(മക്കാ) വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാണ് അല്ലാഹു. ആരുണ്ട് അല്ലാഹുവിന് ഒരു നല്ല കടം കൊടുക്കുവാൻ? എങ്കിൽ അവനത് അയാൾക്ക് വേണ്ടിഇരട്ടിപ്പിക്കുന്നതാണ്. അയാൾക്കാണ് മാന്യമായ പ്രതിഫലമുള്ളത്" (ക്വുർആൻ 57:10,11).

സമ്പത്ത് സ്വദകഃയാക്കിക്കൊണ്ടുള്ള സ്വഹാബികളുടെ സമർപ്പണ മനഃസ്ഥിതിയുടെ ചരിത്രവും ഏറെ ശ്രദ്ധേയമാണ്. ഒരു ഉദാഹരണം ഇവിടെ നൽകുന്നു. ഉമർ ﵁ പറയുന്നു:

"ദാനധർമം നിർവഹിക്കുവാൻ ഒരു ദിനം തിരുദൂതർ ﷺ ഞങ്ങളോട് കൽപിച്ചു. എന്റെ അടുക്കൽ സ്വത്തുള്ള ഒരു ദിവസമായിരുന്നു അത്. ഞാൻ പറഞ്ഞു: 'ഇന്ന് അബൂബക്റിനെ ഞാൻ മുൻകടക്കും. ഒരു ദിവസം എനിക്ക് അദ്ദേഹത്തെ മുൻകടക്കാനായെങ്കിൽ.' അങ്ങനെ ഞാൻ എന്റെ പകുതിസ്വത്ത് കൊണ്ടുവന്നു. തിരുദൂതർ ﷺ ചോദിച്ചു: 'താങ്കൾ എന്താണ് കുടുംബത്തിന് ശേഷിപ്പിച്ചത്?' ഞാൻ പറഞ്ഞു: 'അതിനു തുല്യം.' അബൂബക്ർ ﵁ തന്റെ അടുക്കലുള്ള മുഴുവൻ സ്വത്തുമായി വന്നു. തിരുദൂതർ ﷺ അദ്ദേഹത്തോട് ചോദിച്ചു: 'താങ്കൾ എന്താണ് കുടുംബത്തിന് ശേഷിപ്പിച്ചത്?' അദ്ദേഹം പറഞ്ഞു: 'ഞാൻ അവർക്കായി അല്ലാഹുവെയും തിരുദൂതനെയും ശേഷിപ്പിച്ചിട്ടുണ്ട്.' ഞാൻ പറഞ്ഞു: 'ഒരു കാര്യത്തിലേക്കും ഒരിക്കലും ഞാൻ താങ്കളോട് മത്സരിക്കില്ല" (സുനനു അബീദാവൂദ്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

### സഹകരണം

സൃഷ്ടികളിൽ ഊട്ടപ്പെട്ട പ്രകൃതിയാണ് പരസ്പര സഹകരണവും സഹായവും. മനുഷ്യൻ വിശിഷ്യാ സാമൂഹ്യ ജീവിയാണ്. വിശുദ്ധ ക്വുർആനിൽ 'സത്യവിശ്വാസികളേ' എന്ന് എൺപത്തി ഒൻപത് തവണയും 'മനുഷ്യരേ' എന്ന് ഇരുപത് തവണയും 'ആദം സന്തതികളേ' എന്ന് അഞ്ച് തവണയും അഭിസംബോധന ചെയ്തത് കാണാം. സംഘടിക്കുന്നതിന്റെയും സഹകരിക്കുന്നതിന്റെയും പ്രധാന്യം ഇത് വിളിച്ച റിയിക്കുന്നുന്നെ് പണ്ഡിതന്മാർ ഉണർത്തി.

സഹകരിക്കാനുള്ള ആജ്ഞകൾ പ്രമാണങ്ങളിൽ ഏറെയാണ്. സൂറത്തുൽ അസ്വ്റിൽ സത്യം അന്യോന്യം ഉപദേശിക്കുവാൻ അല്ലാഹു കൽപിച്ചു. അതത്രെ പുണ്യം കൊണ്ടും തക്വവകൊണ്ടുമുള്ള സഹകരണം. അല്ലാഹു പറയുന്നു:



"കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളുവാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളുവാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (ക്വുർആൻ 103:1-3).

സൽപ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ അനുശാസിച്ചുകൊണ്ട് അല്ലാഹു വിശ്വാസികളോട് കൽപിക്കുന്നത് നോക്കൂ: "...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്" (ക്വുർആൻ 5:2).

സഹകരണത്തിന്റെ വിഷയത്തിൽ പ്രോത്സാഹനമേകുന്ന തിരുമൊഴികളും ധാരാളമാണ്. അബൂമൂസ ﵁ യിൽ നിന്ന് നിവേദനം: "നബി ﷺ പറഞ്ഞു: 'നിശ്ചയം ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിക്ക് ഒരു എടുപ്പുപോലെയാണ്; അതിൽ ചിലത് ചിലതിനെ ശക്തിപ്പെടുത്തുന്നു.' നബി തന്റെ വിരലുകൾ കോർത്തുപിടിച്ചു"(ബുഖാരി).

അബൂഹുറയ്റؓയിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "...ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ തന്റെ സഹോദരനെ അക്രമിക്കുകയോ അധിക്ഷിപ്തനാക്കുകയോ നിന്ദിക്കുകയോ ഇല്ല" (മുസ്‌ലിം).

അബൂഹുറയ്റؓയിൽ നിന്ന് തന്നെയുള്ള മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കൂടിയുണ്ട്: "...അല്ലാഹുവിന്റെ അടിയാറുകളേ, നിങ്ങൾ സഹോദരങ്ങളാവുക..." (ബുഖാരി).

നുഅ്മാൻ ഇബ്നുബശീറിؓൽനിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "പരസ്പര സ്നേഹത്തിലും വാത്സല്യത്തിലും കാരുണ്യത്തിലും മുസ്‌ലിംകളുടെ ഉപമ ഒരു ശരീരത്തിന്റെ ഉപമയാണ്. ശരീരത്തിലെ ഒരു അവയവം രോഗബാധിതമായി വേവലാതിപ്പെടുമ്പോൾ മറ്റു ശരീരാവയവങ്ങൾ പനിപിടിച്ചും ഉറക്കമൊഴിഞ്ഞും രോഗബാധിതമായ അവയവത്തിനു വേണ്ടി പരസ്പരം നിലകൊള്ളും" (മുസ്‌ലിം).

അബ്ദുല്ലാഹ് ഇബ്നുഉമറിؓൽനിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: "...ഒരു സഹോദരനോടൊപ്പം ഒരു ആവശ്യം വീട്ടുന്നതുവരെ അതിനുവേണ്ടി ഞാൻ നടക്കലാണ്, എനിക്ക് ഈ പള്ളി(മസ്ജിദുന്നബവി)യിൽ ഒരു മാസം ഇഅ്തികാഫ് ഇരിക്കുന്നതിനെക്കാൾ ഏറെ ഇഷ്ടം... ഒരാൾ മുസ്‌ലിമായ തന്റെ സഹോദരനോടൊപ്പം അയാളുടെ ഒരു ആവശ്യം നിർവഹിച്ചുകൊടുക്കുന്നതുവരെ നടന്നുപോവുകയാണെങ്കിൽ അയാളുടെ കാൽപാദങ്ങളെ അല്ലാഹു, കാലുകൾ പതറുന്ന നാളിൽ (അന്ത്യനാളിൽ) ഉറപ്പിച്ചു നിർത്തും" (ത്വബ്റാനി. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചു).

അബൂദർറിؓൽ നിന്നും നിവേദനം. അദ്ദേഹം തന്റെ ഒരു അടിമയെ ശകാരിച്ചപ്പോൾ അദ്ദേഹത്തെ ഗുണദോഷിച്ചുകൊണ്ട് തിരുനബിﷺ പറഞ്ഞു: "അബൂദർറ്! താങ്കൾ ജാഹിലിയ്യത്തുള്ള ഒരു വ്യക്തി തന്നെ. അവർ നിങ്ങളുടെ സഹോദരങ്ങളാണ്. അവരെ അല്ലാഹു നിങ്ങളുടെ കീഴിലാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ ഭക്ഷിക്കുന്നതിൽനിന്ന് നിങ്ങളവരെ ഭക്ഷിപ്പിക്കുക. നിങ്ങൾ ധരിക്കുന്നതിൽ നിന്ന് നിങ്ങൾ അവരെ ധരിപ്പിക്കുക. അവർക്കു കഴിയാത്തത് നങ്ങൾ അവരോട് കൽപിക്കരുത്. നിങ്ങൾ അവരോട് കൽപിക്കുകയാണെങ്കിൽ നിങ്ങൾ അവരെ സഹായിക്കുക" (മുസ്‌ലിം).

സഹകരണം ഫലം കൊയ്യുമെന്നതിന്റെ മികച്ച ഉദാഹരണമാണ് ദുൽക്വർനയ്നിയുടെയും അദ്ദേഹത്തോട് സഹായമർഥിച്ച ജനതയുടെയും ചരിത്രം. അക്രമികളായ ഒരു ജനവിഭാഗത്തിന് മറികടക്കുവാനും ദ്വാരമുണ്ടാക്കുവാനും കഴിയാത്ത വിധം ശക്തിമത്തായ ഒരു അണ നിർമിക്കുവാൻ സാധിച്ചുവെന്നതാണ് ഈ സഹകരണത്തിന്റെ പ്രകടമായ മേന്മയും ഫലവും.

അല്ലാഹു പറയുന്നു: "അവർ നിന്നോട് ദുൽഖർനൈനിയെപ്പറ്റി ചോദിക്കുന്നു. നീ പറയുക: അദ്ദേഹത്തെപ്പറ്റിയുള്ള വിവരം ഞാൻ നിങ്ങൾക്ക് ഓതിക്കേൾപിച്ച് തരാം" (ക്വുർആൻ 18:83).

"അങ്ങനെ അദ്ദേഹം രണ്ട് പർവതനിരകൾക്കിടയിലെത്തിയപ്പോൾ അവയുടെ ഇപ്പുറത്തുണ്ടായിരുന്ന ഒരു ജനതയെ അദ്ദേഹം കാണുകയുണ്ടായി. പറയുന്നതൊന്നും മിക്കവാറും അവർക്ക് മനസ്സിലാക്കാനാവുന്നില്ല. അവർ പറഞ്ഞു: ഹേ, ദുൽഖർനൈൻ, തീർച്ചയായും യഅ്ജൂജ്-മഅ്ജൂജ് വിഭാഗങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരാകുന്നു. ഞങ്ങൾക്കും അവർക്കുമിടയിൽ താങ്കൾ ഒരു മതിൽകെട്ട് ഉണ്ടാക്കിത്തരണമെന്ന വ്യവസ്ഥയിൽ ഞങ്ങൾ





താങ്കൾക്ക് ഒരു കരം നിശ്ചയിച്ച് തരട്ടെയോ? അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് അധീനപ്പെടുത്തിത്തന്നിട്ടുള്ളത് (അധികാരവും ഐശ്വര്യവും) (നിങ്ങൾ നൽകുന്നതിനെക്കാളും) ഉത്തമമത്രെ. എന്നാൽ (നിങ്ങളുടെ ശാരീരിക) ശക്തികൊണ്ട് നിങ്ങളെന്നെ സഹായിക്കുവിൻ. നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ബലവത്തായ ഒരു മതിലുണ്ടാക്കിത്തരാം. നിങ്ങൾ എനിക്ക് ഇരുമ്പുകട്ടികൾ കൊണ്ടുവന്ന് തരൂ. അങ്ങനെ ആ രണ്ട് പർവതപാർശ്വങ്ങളുടെ ഇട സമമാക്കിത്തീർത്തിട്ട് അദ്ദേഹം പറഞ്ഞു: നിങ്ങൾ കാറ്റൂതുക. അങ്ങനെ അത് (പഴുപ്പിച്ച്) തീപോലെയാക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങളെനിക്ക് ഉരുക്കിയ ചെമ്പ് കൊണ്ട് വന്നു തരൂ. ഞാനത് അതിൻമേൽ ഒഴിക്കട്ടെ. പിന്നെ, ആ മതിൽക്കെട്ട് കയറിമറിയുവാൻ അവർക്ക് (യഅ്ജൂജ്-മഅ്ജൂജിന്ന്) സാധിച്ചില്ല. അതിന്ന് തുളയുണ്ടാക്കുവാനും അവർക്ക് സാധിച്ചില്ല" (ക്വുർആൻ 18:93-97).

തിരുനബിﷺ തന്റെ കുടുംബത്തോട് സഹകരിക്കാറുള്ളത് ഹദീഥുകളിൽ വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ഇവിടെ നൽകാം. അൽഅസ്‌വദി﵁ൽ നിന്ന് നിവേദനം: "ഞാൻ ആഇശ﵂യോടു ചോദിച്ചു: 'നബിﷺ തന്റെ വീട്ടിൽ എന്താണ് ചെയ്തിരുന്നത്?' അവർ പറഞ്ഞു: 'തിരുമേനി വീട്ടുകാരെ ഖിദ്മത്ത് (വീട്ടുജോലികളിൽ സഹായിക്കുക) ചെയ്യുകയായിരിക്കും. നമസ്കാര സമയമായാൽ അദ്ദേഹം നമസ്കാരത്തിനു പുറപ്പെടും"(ബുഖാരി).

ആഇശ﵂യിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: "അല്ലാഹുവിന്റെ തിരുദൂതർ രാത്രിയിൽ നമസ്കരിക്കുമായിരുന്നു. തിരുമേനി വിത്റാക്കിയാൽ പറയും: ആഇശാ, എഴുന്നേറ്റ് വിത്ർ നമസ്കരിക്കൂ" (മുസ്‌ലിം).

മദീനയിലേക്കുള്ള ഹിജ്‌റക്കു ശേഷം മസ്ജിദുന്നബവി നിർമിക്കുവാൻ തന്റെ അനുചരന്മാരോടൊത്ത് തിരുമേനി സഹകരിച്ചതും അഹ്സാബ് യുദ്ധത്തിൽ തന്റെ അനുചരന്മാരോടൊത്ത് കിടങ്ങു കുഴിച്ചതും ചരിത്രത്തിൽ പ്രസിദ്ധമാണ്. അൻസ്വാരികളുടെയും മുഹാജിറുകളുടെയും സഹകരണവും സഹകരണത്തിൽ അൻസ്വാരികളുടെ വിശാല മനസ്കതയും വിശ്രുതമാണ്.

അബ്ദുർറഹ്മാൻ ഇബ്നുഔഫ്﵁ പറഞ്ഞു: "ഞങ്ങൾ മദീനയിലേക്ക് വന്നപ്പോൾ തിരുദൂതർﷺ എന്റെയും സഅ്ദ് ഇബ്നു റബിഇന്റെയും ഇടയിൽ സാഹോദര്യമുണ്ടാക്കി. അപ്പാൾ എന്നോട് സഅ്ദ് പറഞ്ഞു: 'അൻസ്വാരികളിൽ ഞാൻ ഏറ്റവും കൂടുതൽ സമ്പത്തുള്ളവനാണ്. എന്റെ സ്വത്തിന്റെ പകുതി ഞാൻ നിങ്ങൾക്ക് ഭാഗിച്ചുതരുന്നു. എന്റെ രണ്ടു ഭാര്യമാരിൽ താങ്കൾ ഇച്ഛിക്കുന്നവളെ നിങ്ങൾ കാണുക. അവളെ ഞാൻ താങ്കൾക്കായി ഒഴിഞ്ഞുതരാം. അവളുടെ ദീക്ഷാകാലം കഴിഞ്ഞാൽ താങ്കൾക്കവരെ വിവാഹം കഴിക്കാമല്ലോ.' അപ്പോൾ അബ്ദുർറഹ്മാൻ﵁ പറഞ്ഞു: 'അതിൽ എനിക്ക് ആവശ്യമില്ല. കച്ചവടമുള്ള വല്ല അങ്ങാടിയുമുണ്ടോ?' അദ്ദേഹം പറഞ്ഞു: 'ക്വയ്നുക്വാഅ് അങ്ങാടിയുണ്ട്...''(ബുഖാരി).

യജമാനനുമായി മോചന കരാറിലേർപ്പെട്ട സൽമാനുൽഫാരിസി﵁ കരാറനുസരിച്ച് മോചനസംഖ്യ ഉടമപ്പെടുത്തിയിരുന്നില്ല. അദ്ദേഹം ദരിദ്രനായിരുന്നു. അപ്പോൾ തിരുനബിﷺ സ്വഹാബത്തിനോട് പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ സഹോദരനെ സഹായിക്കുക." അവർ അദ്ദേഹത്തെ സഹായിക്കുകയും അടിമത്തത്തിൽ നിന്ന് മോചിതനായി അദ്ദേഹം സ്വതന്ത്രനാവുകയും ചെയ്തു.

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com

ലേഖനം




# ജലാശയം വിഷമയമാകുന്നത് എല്ലാ മത്സ്യങ്ങളെയും ബാധിക്കും

ഇന്ന് നമ്മുടെ രാജ്യം വലിയ പ്രയാസത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. രാജ്യത്തെ ജനങ്ങളെയെല്ലാം ഒരുപോലെ കാണുകയും എല്ലാവർക്കും സംരക്ഷണം നൽകുകയും ചെയ്യേണ്ട ഭരണകൂടം തന്നെ ജനങ്ങളെ മതപരമായി വിഭജിക്കാൻ ശ്രമിക്കുകയും രാജ്യത്ത് ജീവിക്കുവാനുള്ള ചിലരുടെ അവകാശത്തെ ഹനിക്കുകയും ചെയ്യുന്നതിനെക്കാൾ വലിയ അക്രമം എന്താണ്?

ഇന്ത്യയിലെ പൗരന്മാർ ആരും പുറത്താകില്ല, ആരും ഭയപ്പെടേണ്ടതില്ല എന്ന് ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ ഇരിക്കുന്നവർ ഇടയ്ക്കിടെ വിളിച്ചു പറയുന്നത് തന്നെ വല്ലാത്തൊരു ഭയപ്പെടുത്തലാണ്. കാരണം ഇന്ത്യൻ പൗരന്മാർ ആരും ഭയപ്പെടേണ്ട എന്നാണ് പറയുന്നത്. ആരെയാണ് ഇവർ യഥാർ

ഥ ഇന്ത്യൻ പൗരന്മാരായി കാണുന്നത് എന്ന് വ്യക്തമാക്കും വിധം ചില നേതാക്കൾ ഇടയ്ക്കിടെ പ്രസ്താവനയിറക്കുന്നതും നാം കാണുന്നുണ്ട്.

പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽനിന്ന് മതപരമായ പീഡനങ്ങൾ സഹിക്കവയ്യാതെ ഇന്ത്യയിലേക്ക് കുടിയേറിയ മുസ്‌ലിംകളല്ലാത്തവർക്ക് പൗരത്വം നൽകുകയും മുസ്‌ലിംകൾക്ക് നൽകാതിരിക്കുകയും ചെയ്യും എന്നതിൽനിന്നും കാര്യം വ്യക്തമാണല്ലോ. ആ മുസ്‌ലിം നാടുകളിൽ മുസ്‌ലിംകൾക്ക് മതപരമായ പീഡനത്തിന്റെ പേരിൽ രാജ്യം വിടേണ്ടിവരില്ല എന്നാണ് ന്യായമായി പറയുന്നത്. എങ്കിൽ മറ്റു രാജ്യങ്ങളിൽ നിന്ന് മതപരമായ പീഡനം മൂലം അഭയാർഥികളായി വരുന്ന മുസ്‌ലിംകളെ എന്തുകൊണ്ട് പരിഗണിക്കുന്നില്ല എന്ന ചോദ്യത്തിന് ഉത്തരമില്ല.

പ്രതിപക്ഷ പാർട്ടികൾ ന്യൂനപക്ഷങ്ങളുടെ വോട്ടിനുവേണ്ടി ഭീതിപരത്തുകയാണ് എന്നാണ് ഈ നിയമത്തെ അനുകൂലിക്കുന്ന ആളുകളുടെ ഭാഗത്തു നിന്ന് വന്നുകൊണ്ടിരിക്കുന്ന വിശദീകരണം. എന്നാൽ വസ്തുത ഇവർ പറയുന്നതല്ലെന്ന് ഓരോ ദിവസം കഴിയുംതോറും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ജനമനസ്സുകളിൽ ഭീതിവർധിക്കുകയും ചെയ്യുന്നു. കേരളത്തിൽ ഈ ഭയത്തിൽ ഒരാൾ ആത്മഹത്യ ചെയ്യുകപോലും ഉണ്ടായി എന്നത് ചിന്തിക്കേണ്ട കാര്യമാണ്. ചെറിയ കുട്ടികൾ പോലും ഇനിയെന്ത് ചെയ്യും എന്ന പേടിയിലാണ്. നാടും വീടും നഷ്ടപ്പെടുന്ന വേദനാജനകമായ അവസ്ഥയോർത്ത് മാനസിക നില തെറ്റിയവരുമുണ്ട്.

ഇവിടെ നാം ചെയ്യേണ്ടത് ജാഗ്രതയോടും മുന്നൊരുക്കത്തോടും കൂടി മുന്നോട്ടു പോവുക എന്നതാണ്. ഇതൊന്നും ഞങ്ങളെ ബാധിക്കുകയില്ല എന്ന് കരുതി മൗനം പാലിച്ചിരിക്കുകയോ നാടുവിട്ട് പോകേണ്ടിവരുമോ എന്ന ഭയത്താൽ മാനസികനില തെറ്റുന്ന അവസ്ഥയിലേക്ക് എത്തുകയോ ചെയ്യേണ്ടതില്ല.

നാം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് വ്യക്തതയുണ്ടാകണം. അതിനനുസരിച്ച് മുന്നോട്ടു പോകണം. എങ്കിൽ ഫലപ്രാപ്തി കണ്ടേക്കാം. മനുഷ്യമനസ്സുകൾക്കിടയിൽ വിഭജനം നടക്കുന്നത് വലിയ ആപത്താണ്. അതിന് നമ്മൾ അടിമപ്പെടാൻ പാടില്ല. മതത്തിന്റെ പേരിൽ ആളുകളെ തമ്മിൽ ആസൂത്രിതമായി അകറ്റിക്കൊണ്ടിരിക്കുന്നു എന്നതാണ് ഇന്ത്യ ഇന്ന് നേരിടുന്ന വലിയൊരു വിപത്ത്. ഇതിനെതിരിലുള്ള നിതാന്തമായ ജാഗ്രത നമുക്കുണ്ടാകണം. ഇന്ത്യക്കാർ എന്ന ചിന്തയിൽ നാം നാം ഒന്നിക്കണം. അവനവന്റെ മതവും ആദർശവും മുറുകെ പിടിച്ചുകൊണ്ട് തന്നെ രാജ്യത്തിന്റെ ബഹുസ്വരതയുടെ നിലനിൽപിനായി നാം കൈകോർക്കണം.

നിങ്ങൾ ഭയപ്പെടേണ്ടതില്ല; ഞങ്ങൾ കൂടെയുണ്ട്, ഞങ്ങൾ നിങ്ങളെ സംരക്ഷിക്കും എന്ന് ഗുണകാംക്ഷയോടെയും ആത്മാർഥമായും പറയുന്ന അനേകം ആളുകളുണ്ട്. അത് നല്ല കാര്യം തന്നെ. എന്നാൽ അങ്ങനെ പറയുമ്പോൾ ‘ഞങ്ങൾ ഇവിടെ സുരക്ഷിതരാണ്, ഞങ്ങൾക്ക് ഒരു പ്രശ്നവും വരാൻ പോകുന്നില്ല. നിങ്ങൾക്ക് മാത്രമാണ് പ്രശ്നം’ എന്ന ഒരു തെറ്റായ ധാരണ അതിലുണ്ട്. ഇവിടെ ആരും ആരെയും സംരക്ഷിക്കേണ്ടതില്ല, ആരും ആരെയും ശിക്ഷിക്കേണ്ടതും ഇല്ല. എല്ലാ മതക്കാരും മതമില്ലാത്തവരും ഒന്നിച്ചുനിന്ന് നാടിനെ സംരക്ഷിക്കുകയാണ് വേണ്ടത്.



ഞങ്ങൾ നിങ്ങളെ സംരക്ഷിക്കാം എന്ന് പറയുമ്പോൾ ഒരു വിഭാഗം മാത്രമെ ഇവിടെ സുരക്ഷിതരായുള്ളൂ, ഒരു വിഭാഗത്തിന് മാത്രമെ ഭയപ്പെടേണ്ടതുള്ളൂ എന്ന ഒരു വായന അതിൽ വരുന്നുണ്ട്. വസ്തുത അതല്ല. ഇന്ത്യയിലുള്ള എല്ലാവരെയും ബാധിക്കുന്ന പ്രശ്നമാണിത്. ഇവിടെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇന്ത്യയുടെ മതേതരത്വത്തെയും ജനാധിപത്യത്തെയും ബഹുസ്വരതയെയുമാണ്. പുതിയ നിയമങ്ങൾ അതിനുവേണ്ടി നിർമിക്കപ്പെട്ടതാണ്. അതിനാൽ ഇന്ത്യയുടെ മതനിരപേക്ഷതയെയും ജനാധിപത്യത്തെയും ബഹുസ്വരതയെയും ഒറ്റക്കെട്ടായിനിന്ന് സംരക്ഷിക്കുക എന്ന ഉത്തരവാദിത്തമാണ് ഈ സന്ദർഭത്തിൽ നാം നിർവഹിക്കേണ്ടത്.

രാജ്യസഭയിൽ ആഭ്യന്തരമന്ത്രിയുടെ മുഖത്തുനോക്കി കപിൽ സിബൽ പറഞ്ഞു; ഒരു മുസ്‌ലിമും നിങ്ങളെ ഭയപ്പെടുന്നില്ല എന്ന്. വിശ്വാസികളെ സംബന്ധിച്ചിടത്തോളും അവർ ഭയപ്പെട്ട് പിന്മാറുന്നവരല്ല. അവർ ഇതിനെല്ലാം കാണുന്നത് ഒരു പരീക്ഷണമായിക്കൊണ്ടാണ്.

പൗരത്വ ഭേദഗതി നിയമത്തെയും വിശ്വാസികൾ പരീക്ഷണമായി കാണുന്നു. പരീക്ഷണങ്ങളെ എങ്ങനെ നേരിടണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. നിരാശയും അമിതഭയവും അവരെ പിടികൂടുകയില്ല. വിശ്വാസിയുടെ കാര്യം അത്ഭുതകരം തന്നെ എന്നാണ് മുഹമ്മദ് നബിﷺ പറഞ്ഞിട്ടുള്ളത്. അതിന് കാരണമായി പറഞ്ഞത് എന്തെങ്കിലും ഗുണം ലഭിച്ചാൽ അവൻ ദൈവത്തെ സ്തുതിക്കുകയും നന്ദികാണിക്കുകയും ചെയ്യും; അത് അവന് ഗുണകരമാണ് എന്നാണ്. വല്ല ദോഷവും ബാധിച്ചാൽ അവൻ ക്ഷമിക്കും; അപ്പോൾ അതും അവന് ഗുണകരമായിത്തീരും എന്നാണ്.


"ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (ക്വുർആൻ 21:35).


ഇതിൽ വിശ്വസിക്കുന്ന മുസ്‌ലിം എങ്ങനെ ഭയപ്പെടും? ഭൗതികലോകത്തെ ജീവിതമല്ല പരലോക ജീവിതമാണ് ശാശ്വതം. ഇത് ഒരു ഇടത്താവളം മാത്രമാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

"പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും" (ക്വുർആൻ 87:17).

അതിനാൽ ഇഹലോകത്തെ പ്രയാസങ്ങളെ വലിയ പ്രയാസമായി അവർ കാണുകയില്ല. അവരുടെ മനസ്സിനെ അത് അലട്ടിക്കൊണ്ടിരിക്കില്ല. എല്ലാ രേഖകളും ശരിയാക്കുകയും പൗരത്വം ഉറപ്പാവുക

**മരണം ഒടുക്കമല്ല; ശാശ്വത ജീവിതത്തിന്റെ തുടക്കമാണ്. ഈ വിശ്വാസമാണ് മുൻഗാമികളെ പ്രതിസന്ധികൾ ധൈര്യസമേതം തരണം ചെയ്യാൻ പ്രാപ്തരാക്കിയത്. വാരിയംകുന്നത്തും ആലി മുസ്‌ലിയാരും വക്കം മൗലവിയുമൊക്കെ നമുക്ക് പകർന്നു നൽകുന്ന പാഠം അതാണ്. കഴുമരത്തിലേക്ക് കൊണ്ടുപോകുമ്പോൾ പോലും പതറാത്ത പാദത്തോടെയും ചിതറാത്ത ചിത്തത്തോടെയും അവർ നിലകൊണ്ടു. വക്കം അബ്ദുൽഖാദർ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരപാതയിൽ ബ്രിട്ടീഷ് കിങ്കരന്മാരാൽ കൊല്ലപ്പെടുന്നതിനുമുമ്പ് അവസാനമായി പിതാവിനെഴുതിയ കത്ത് നിറകണ്ണുകളോടെയും ആവേശത്തോടെയുമല്ലാതെ നമുക്ക് വായിക്കുവാൻ കഴിയില്ല. സാമൂഹ്യപാഠത്തിൽ നമ്മുടെ കുട്ടികൾ അത് പഠിക്കുന്നുണ്ട്.**





യും ചെയ്ത ദിവസം തന്നെ ഒരു വ്യക്തി മരിച്ചാൽ അയാളുടെ ആധാർ കാർഡിനും പൗരത്വ രേഖക്കും എന്ത് വിലയാണുണ്ടാവുക? ബന്ധുക്കൾ മരണസർട്ടിഫിക്കറ്റ് സംഘടിപ്പിച്ച് അത് സൂക്ഷിക്കും. ആധാറും ഇലക്ഷൻ ഐഡിയും വിസ്മരിക്കപ്പെടും. ക്വബ്റിലും പരലോകത്തും ചോദ്യ ചെയ്യപ്പെടുമ്പോൾ ഏത് രാജ്യത്തെ പൗരനായിരുന്നു, ഏത് ഭാഷക്കാരനായിരുന്നു എന്നൊന്നും ചോദിക്കില്ല. കർമങ്ങളെക്കുറിച്ചും വിശ്വാസങ്ങളെക്കുറിച്ചുമാണ് ചോദ്യം ചെയ്യപ്പെടുക. അതിനുള്ള ഉത്തരങ്ങൾ നൽകുവാൻ കഴിയുന്നവരാണ് വിജയികളാവുക.

"അപ്പോൾ ഏതൊരാളുടെ തുലാസുകൾ ഘനം തൂങ്ങിയോ അവൻ സംതൃപ്തമായ ജീവിതത്തിലായിരിക്കും. എന്നാൽ ഏതൊരാളുടെ തുലാസുകൾ തൂക്കം കുറഞ്ഞതായോ അവന്റെ സങ്കേതം ഹാവിയഃ ആയിരിക്കും. ഹാവിയഃ എന്നാൽ എന്താണെന്ന് നിനക്കറിയുമോ? ചൂടേറിയ നരകാഗ്നിയത്രെ അത്" (ക്വുർആൻ 101:6-11).

ഇക്കാര്യം മുസ്‌ലിംകൾ മറന്നുകൂടാ. മരണം ഒടുക്കമല്ല; ശാശ്വത ജീവിതത്തിന്റെ തുടക്കമാണ്. ഈ വിശ്വാസമാണ് മുൻഗാമികളെ പ്രതിസന്ധികൾ ധൈര്യസമേതം തരണം ചെയ്യാൻ പ്രാപ്തരാക്കിയത്. വാരിയം കുന്നത്തും ആലി മുസ്‌ലിയാരും വക്കം മൗലവിയുമൊക്കെ നമുക്ക് പകർന്നു നൽകുന്ന പാഠം അതാണ്. കഴുമരത്തിലേക്ക് കൊണ്ടുപോകുമ്പോൾ പോലും പതറാത്ത പാദത്തോടെയും ചിതറാത്ത ചിത്തത്തോടെയും അവർ നിലകൊണ്ടു. വക്കം അബ്ദുൽ ഖാദർ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരപാതയിൽ ബ്രിട്ടീഷ് കിങ്കരന്മാരാൽ കൊല്ലപ്പെടുന്നതിനുമുമ്പ് അവസാനമായി പിതാവിനെഴുതിയ കത്ത് നിറകണ്ണുകളോടെയും ആവേശത്തോടെയുമല്ലാതെ നമുക്ക് വായിക്കുവാൻ കഴിയില്ല. സാമൂഹ്യപാഠത്തിൽ നമ്മുടെ കുട്ടികൾ അത് പഠിക്കുന്നുണ്ട്. വിശ്വാസം തന്നെയാണ് അവരെയെല്ലാം പിറന്ന നാടിന്റെ മോചനത്തിനായി ത്യാഗം സഹിക്കാൻ പ്രേരിപ്പിച്ചത് എന്ന് നാം തിരിച്ചറിയണം.

പൗരത്വ ഭേദഗതി നിയമം മുസ്‌ലിംകളെ മാത്രമെ ബാധിക്കുകയുള്ളൂ എന്ന് വിചാരിക്കുന്നവർ ചില വസ്തുതകൾ മനസ്സിലാക്കേണ്ടതുണ്ട്. എൻ.ആർ.സി നടപ്പിലാക്കപ്പെട്ടാൽ 10 ശതമാനം ആളുകളെ മാത്രമെ ദോഷകരമായി ബാധിക്കുകയുള്ളൂ എന്ന് കരുതുക. അഥവാ 90 ശതമാനവും രക്ഷപ്പെടും. എങ്കിൽ കേരളത്തിന്റെ അവസ്ഥ എന്തായിരിക്കും? കേരളത്തിൽ ഏകദേശം മൂന്നര കോടി ജനങ്ങളാണുള്ളത്. അതിൽ 88 ലക്ഷം മുസ്‌ലിംകൾ. 61 ലക്ഷത്തോളം ക്രിസ്ത്യൻ വിഭാഗങ്ങളും. ഈ രണ്ടു വിഭാഗത്തെയും കഴിച്ചാൽ പിന്നെ ബാക്കി ഏകദേശം രണ്ട് കോടി ആളുകൾ. അതിൽ പെട്ട 10 ശതമാനത്തെയും ബാധിക്കും. അഥവാ 20 ലക്ഷം ഹൈന്ദവരെ!

**പ്രതിപക്ഷ പാർട്ടികൾ ന്യൂനപക്ഷങ്ങളുടെ വോട്ടിനുവേണ്ടി ഭീതിപരത്തുകയാണ് എന്നാണ് ഈ നിയമത്തെ അനുകൂലിക്കുന്ന ആളുകളുടെ ഭാഗത്തുനിന്ന് വന്നുകൊണ്ടിരിക്കുന്ന വിശദീകരണം. എന്നാൽ വസ്തുത ഇവർ പറയുന്നതല്ലെന്ന് ഓരോ ദിവസം കഴിയുംതോറും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ജനമനസ്സുകളിൽ ഭീതിവർധിക്കുകയും ചെയ്യുന്നു.**

133 കോടി ജനങ്ങളാണ് ഇന്ത്യയിലുള്ളത്. എല്ലാ ന്യൂനപക്ഷങ്ങളും ചേർന്നാൽ 33 കോടിയേ വരൂ. ബാക്കി 100 കോടിയും ഹൈന്ദവർ. ഇന്ത്യയിൽ മൊത്തം 10 ശതമാനം ജനങ്ങളെ എൻ.ആർ.സി ബാധിക്കുമെങ്കിൽ 10 കോടി ഹൈന്ദവരെ ബാധിക്കുമെന്നർഥം. സി.എ.എ രക്ഷക്ക് എത്തും എന്ന് ചിലർ ചിന്തിക്കും. പുറത്താകുന്ന ഹൈന്ദവരെ അ

കത്താക്കാനാണ് സി.എ.എ എന്ന് ആശ്വസിക്കും. അകത്താകണമെങ്കിൽ ഞങ്ങൾ പാകിസ്ഥാനിൽനിന്ന് വന്നവരാണ് എന്ന് അവർ കളവു പറയണം. കേരളത്തിൽ അങ്ങനെ വന്നവർ എത്രയുണ്ട്? 20 ലക്ഷം ഹൈന്ദവർ എന്ത് പറയും? അഫിഡവിറ്റായി ഈ കളവ് നൽകണം. ഇങ്ങനെ ഒരു കളവ് പറഞ്ഞിട്ടു വേണോ പൗരത്വം സ്ഥാപിക്കാൻ? അങ്ങനെ സ്ഥാപിച്ചാൽ തന്നെ അന്യരാജ്യത്തുനിന്നും 'വന്ന് താമസിക്കുന്നവർ' എന്ന പേരിൽ അവരും വരുംതലമുറയും അറിയപ്പെടുമെന്നത് ഓർക്കുക. ആർക്കാണ് അതിൽ അഭിമാനിക്കാനാവുക? രേഖകൾ സമർപ്പിക്കാൻ കഴിയാത്തവരുടെ പേരിനു നേരെ 'ടി' എന്ന അടയാളമിടും. ഇവർ വിവിധ രേഖകൾക്കായി വിവിധ ഓഫീസുകൾ നിരന്തരം കയറിയിറങ്ങേണ്ടിവരും. ഇന്ത്യൻ ജനതയെ സകല ജോലിയും ഇട്ടെറിഞ്ഞ് വീണ്ടും ക്യൂവിലേക്ക് വലിച്ചിഴക്കും. പ്രവാസികൾ ജോലി നഷ്ടപ്പെടുത്തി വരിനിൽക്കേണ്ടിവരും. രാജ്യം സാമ്പത്തികമായി വീണ്ടും തകരും.

അങ്ങനെയൊരു ദുരവസ്ഥ വരാതിരിക്കാൻ ഈ കരിനിയമങ്ങൾ പിൻവലിച്ചേ തീരൂ. അതിനായി ജനാധിപത്യ പ്രക്ഷോഭങ്ങൾ അനിവാര്യം. മതേതര കക്ഷികളുടെ മൗനം ഫാഷിസ്റ്റുകളുടെ ഇന്ധനമാണ്. അക്രമരഹിതമായ സമരമുന്നേറ്റം നടക്കേണ്ടതുണ്ട്. ഭൂരിപക്ഷ വർഗീയതക്ക് പരിഹാരം ന്യൂനപക്ഷ തീവ്രതയല്ല. മതത്തിന്റെ ലേബലിലല്ല ഈ സമരം നടക്കേണ്ടത്.



വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ 'ചേർന്ന് നിൽക്കുക; ചെറുത്ത് തോൽപിക്കുക' എന്ന പ്രമേയത്തിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നത് എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ടാണ്. ആരും മാറിനിൽക്കരുത്. സമരംകൊണ്ട് കാര്യമില്ല എന്ന് ചിന്തിക്കരുത്. നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്. പല സംസ്ഥാനങ്ങളും പൗരത്വഭേദഗതി ബില്ലിനെതിരായി പ്രമേയം പാസാക്കിയത് നാം കണ്ടു. ബഹുജന പ്രക്ഷോഭങ്ങളാണ് അതിനുള്ള പ്രചോദനം എന്ന കാര്യം വ്യക്തമാണ്. അത് കണ്ടില്ലെന്നു നടിക്കാൻ പറ്റാത്ത അവസ്ഥ ഭരണാധികാരികൾക്ക് വന്നു. ജനങ്ങളുടെ നാവാണ് ജനപ്രതിനിധികൾ. എൻ.ഡി.എയിലെ പത്തോളം കക്ഷികൾ പോലും ബില്ലിനെ എതിർക്കാൻ തുടങ്ങി. ബംഗാളിലെ പ്രമുഖനായ ഒരു ബി.ജെ.പി നേതാവിന് പോലും എതിർത്തു പറയേണ്ടിവന്നു എങ്കിൽ അത് ജനകീയ പ്രക്ഷോഭങ്ങളുടെ വിജയമാണ്.

സമരങ്ങൾ സമരങ്ങൾക്ക് വേണ്ടിയാകരുത്. സംഘടനകളുടെ പറ്റിൽ എഴുതിവെക്കാൻ വേണ്ടിയാകരുത്. മെമ്പർഷിപ്പ് വർധനവിനും വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ വോട്ട് കിട്ടാനും ആകരുത്. രാജ്യത്തിന്റെ നിലനിൽപും ഭരണഘടനയുടെ സംരക്ഷണവുമായിരിക്കണം ലക്ഷ്യം. സൗഹാർദം തകരുന്ന യാതൊരു പ്രവർത്തനവും ഉണ്ടാകരുത്. ഇരുട്ടിന്റെ ശക്തികൾ വർഗീയ ധ്രുവീകരണ ശ്രമം നടത്തുന്നത് നാം തിരിച്ചറിയണം. സ്ത്രീകളുടെയും കുട്ടികളുടെയും മനസ്സിൽ പോലും അവർ വിഷം കുത്തിവെക്കുന്നു. നെറ്റിയിൽ സിന്ദൂരം ചാർത്തുന്നത് കാക്കമാർ തന്റെ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകാതിരിക്കുവാനാണ് എന്ന് എറണാകുളത്തെ ഒരു സ്ത്രീ പറഞ്ഞത് അവരുടെയൊക്കെ മനസ്സിൽ എന്തുമാത്രം വർഗീയ വിഷമാണ്, തെറ്റുധാരണകളാണ് സ്ഥാപിത താൽപര്യക്കാർ കയറ്റിയിരിക്കുന്നത് എന്നാണ്. ഹിന്ദുത്വവാദികളുടെ ദുഷ്ചെയ്തികളിൽ യഥാർഥ ഹിന്ദുകൾ വേദനിക്കുന്നതായി നാം അറിയുന്നു. അവരത് തുറന്നു പറയുന്നു. മതനിരപേക്ഷത നിലനിർത്താൻ വേണ്ടി സമരരംഗത്ത് സജീവമാകുന്നു.

സോഷ്യൽ മീഡിയകൾ വഴി പ്രചരിപ്പിക്കുന്ന കള്ളക്കഥകളെ സൂക്ഷിക്കണം. സെക്കന്റുകൾക്കകം ജനങ്ങളെ വിഭജിക്കുവാനും കലാപങ്ങളിലേക്ക് നയിക്കുവാനും സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണങ്ങൾകൊണ്ട് കഴിയും.

ഇന്ത്യ എന്ന വലിയ ജലാശയത്തിൽ വിഷം കലക്കാനുള്ള നീക്കത്തെ ഒന്നിച്ച് നാം ചെറുക്കേണ്ടതുണ്ട്. ജലാശയം വിഷമയമായാൽ അതിലെ ഒരു മത്സ്യത്തെയും ഒരു ജീവനെയും അത് ബാധിക്കാതിരിക്കില്ല എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകേണ്ടതുണ്ട്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 66, ഭാഗം: 1

# തഹ്‌രീം (നിഷിദ്ധമാക്കൽ)

(മദീനയിൽ അവതരിച്ചത്)

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
يَٰٓأَيُّهَا ٱلنَّبِيُّ لِمَ تُحَرِّمُ مَآ أَحَلَّ ٱللَّهُ لَكَ ۖ تَبْتَغِى مَرْضَاتَ
أَزْوَٰجِكَ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴿١﴾ قَدْ فَرَضَ ٱللَّهُ لَكُمْ
تَحِلَّةَ أَيْمَٰنِكُمْ ۚ وَٱللَّهُ مَوْلَىٰكُمْ ۖ وَهُوَ ٱلْعَلِيمُ ٱلْحَكِيمُ
﴿٢﴾ وَإِذْ أَسَرَّ ٱلنَّبِىُّ إِلَىٰ بَعْضِ أَزْوَٰجِهِۦ حَدِيثًا
فَلَمَّا نَبَّأَتْ بِهِۦ وَأَظْهَرَهُ ٱللَّهُ عَلَيْهِ عَرَّفَ بَعْضَهُۥ
وَأَعْرَضَ عَنۢ بَعْضٍ ۖ فَلَمَّا نَبَّأَهَا بِهِۦ قَالَتْ مَنْ أَنۢبَأَكَ
هَٰذَا ۖ قَالَ نَبَّأَنِىَ ٱلْعَلِيمُ ٱلْخَبِيرُ ﴿٣﴾
إِن تَتُوبَآ إِلَى ٱللَّهِ فَقَدْ صَغَتْ قُلُوبُكُمَا ۖ وَإِن تَظَٰهَرَا
عَلَيْهِ فَإِنَّ ٱللَّهَ هُوَ مَوْلَىٰهُ وَجِبْرِيلُ وَصَٰلِحُ
ٱلْمُؤْمِنِينَ ۖ وَٱلْمَلَٰٓئِكَةُ بَعْدَ ذَٰلِكَ ظَهِيرٌ ﴿٤﴾
عَسَىٰ رَبُّهُۥٓ إِن طَلَّقَكُنَّ أَن يُبْدِلَهُۥٓ أَزْوَٰجًا خَيْرًا
مِّنكُنَّ مُسْلِمَٰتٍ مُّؤْمِنَٰتٍ قَٰنِتَٰتٍ تَٰٓئِبَٰتٍ عَٰبِدَٰتٍ
سَٰٓئِحَٰتٍ ثَيِّبَٰتٍ وَأَبْكَارًا ﴿٥﴾

1. ഓ; നബീ, നീയെന്തിനാണ് നിന്റെ ഭാര്യമാരുടെ പ്രീതിതേടിക്കൊണ്ട്, അല്ലാഹു അനുവദിച്ചുതന്നത് നിഷിദ്ധമാക്കുന്നത്? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.
2. നിങ്ങളുടെ ശപഥങ്ങൾക്കുള്ള പരിഹാരം അല്ലാഹു നിങ്ങൾക്ക് നിയമമാക്കിത്തന്നിരിക്കുന്നു. അല്ലാഹു നിങ്ങളുടെ യജമാനനാകുന്നു. അവനത്രെ സർവജ്ഞനും യുക്തിമാനും.
3. നബി അദ്ദേഹത്തിന്റെ ഭാര്യമാരിൽ ഒരാളോട് ഒരു വർത്തമാനം രഹസ്യമായി പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു). എന്നിട്ട് ആ ഭാര്യ അത് (മറ്റൊരാളെ) അറിയിക്കുകയും നബിക്ക് അല്ലാഹു അത് വെളിപ്പെടുത്തി കൊടുക്കുകയും ചെയ്തപ്പോൾ അതിന്റെ ചില ഭാഗം അദ്ദേഹം (ആ ഭാര്യക്ക്) അറിയിച്ചുകൊടുക്കുകയും ചില ഭാഗം വിട്ടുകളയുകയും ചെയ്തു. അങ്ങനെ അവളോട് (ആ ഭാര്യയോട്) അദ്ദേഹം അതിനെ പറ്റി വിവരം അറിയിച്ചപ്പോൾ അവൾ പറഞ്ഞു: താങ്കൾക്ക് ആരാണ് ഈ വിവരം അറിയിച്ചു തന്നത്? നബി പറഞ്ഞു: സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമായിട്ടുള്ളവനാണ് എനിക്ക് വിവരമറിയിച്ചു തന്നത്.
4. നിങ്ങൾ രണ്ടുപേരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നുവെങ്കിൽ (അങ്ങനെ ചെയ്യുക). കാരണം നിങ്ങളുടെ രണ്ടുപേരുടെയും ഹൃദയങ്ങൾ (തിൻമയിലേക്ക്) ചാഞ്ഞുപോയിരിക്കുന്നു. ഇനി നിങ്ങൾ ഇരുവരും അദ്ദേഹത്തിനെതിരിൽ (റസൂലിനെതിരിൽ) പരസ്പരം സഹകരിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹുവാകുന്നു അദ്ദേഹത്തിന്റെ യജമാനൻ. ജിബ്‌രീലും സദ്‌വൃത്തരായ സത്യവിശ്വാസികളും അതിനു പുറമെ മലക്കുകളും അദ്ദേഹത്തിന് സഹായികളായിരിക്കുന്നതാണ്.
5. (പ്രവാചകപത്നിമാരേ,) നിങ്ങളെ അദ്ദേഹം വിവാഹമോചനം ചെയ്യുന്ന പക്ഷം, നിങ്ങളെക്കാൾ നല്ലവരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ രക്ഷിതാവ് പകരം നൽകിയേക്കാം. മുസ്‌ലിംകളും സത്യവിശ്വാസിനികളും ഭയഭക്തിയുള്ളവരും പശ്ചാത്താപമുള്ളവരും ആരാധനാനിരതരും വ്രതമനുഷ്ഠിക്കുന്നവരും വിധവകളും കന്യകകളുമായിട്ടുള്ള സ്ത്രീകളെ.

1). മുഹമ്മദ് നബിﷺക്ക് അല്ലാഹുവിൽ നിന്നുള്ള ആക്ഷേപമാണ് ഇവിടത്തെ വിഷയം. ഒരു പ്രധാന സംഭവത്തോടനുബന്ധിച്ച് ചില ഭാര്യമാർക്കുണ്ടായ തോന്നലുകളെ പരിഗണിച്ച് മാരിയ എന്ന അടിമസ്ത്രീയെ-അല്ലെങ്കിൽ തേൻ കുടിക്കുന്നത് തനിക്ക് സ്വയം നിഷിദ്ധമാക്കി. അപ്പോഴാണ് അല്ലാഹു ഈ വചനങ്ങൾ അവതരിപ്പിച്ചത്. (ഓ നബീ) പ്രവാചകത്വം കൊണ്ടും ദിവ്യസന്ദേശം കൊണ്ടും അല്ലാഹു അനുഗ്രഹിച്ചവരേ. (അല്ലാഹു നിനക്ക് അനുവദിച്ചു തന്നത് നീ എന്തിനാണ് നിഷിദ്ധമാക്കുന്നത്?) താങ്കൾക്കും താങ്കളുടെ സമുദായത്തിനും അല്ലാഹു അനുഗ്രഹമായി നൽകിയ വിശിഷ്ട വസ്തുക്കളെ. (പ്രീതി തേടിക്കൊണ്ട്) നിഷിദ്ധമാക്കുന്നതിലൂടെ (നിന്റെ ഭാര്യമാരുടെ പ്രീതി) താങ്കളാഗ്രഹിക്കുന്നു. (അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു) അല്ലാഹു തന്റെ ദൂതന് പൊറുത്തുകൊടുത്തു എന്നും ആക്ഷേപത്തിൽനിന്ന് ഒഴിവാക്കിയെന്നും കരുണ ചെയ്തെന്നും ഇവിടെ വ്യക്തമാക്കുന്നു. സമുദായത്തിനു മുഴുവൻ ബാധകമാകുന്ന ഒരു മതവിധിയുണ്ടാകാൻ ഈ നിഷിദ്ധമാക്കൽ ഒരു കാരണമായി. അതിനെക്കുറിച്ചാണ് തുടർന്ന് പറയുന്നത്.

2). (നിങ്ങളുടെ ശപഥങ്ങൾക്കുള്ള പരിഹാരം അല്ലാഹു നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു) സത്യവിശ്വാസികളുടെ മുഴുവൻ ശപഥങ്ങൾക്കും ഈ വിധി ബാധകമാണ്. നിയമമാക്കിയിരിക്കുന്നു എന്നാണ് ഇവിടെ പ്രയോഗിച്ചത്. ശപഥം ലംഘിക്കുന്നതിന് മുമ്പ് അതെങ്ങനെ ഒഴിവായിപ്പോകുമെന്നതും ലംഘിച്ച ശേഷമാണെങ്കിൽ എന്ത് പ്രായശ്ചിത്തമായി നൽകണമെന്നതും അല്ലാഹു നിശ്ചയിച്ചു. അല്ലാഹുവിന്റെ വചനങ്ങളിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحَرِّمُوا۟ طَيِّبَـٰتِ
مَآ أَحَلَّ ٱللَّهُ لَكُمْ وَلَا تَعْتَدُوٓا۟ ۚ إِنَّ ٱللَّهَ
لَا يُحِبُّ ٱلْمُعْتَدِينَ

“സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ചു തന്നെ വിശിഷ്ട വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്. നിങ്ങൾ പരിധി ലംഘിക്കുകയും ചെയ്യരുത്. പരിധി ലംഘിക്കുന്നവരെ അല്ലാഹു ഒട്ടും ഇഷ്ടപ്പെടുകയില്ല” (മാഇദ: 87).

فَكَفَّـٰرَتُهُۥٓ إِطْعَامُ عَشَرَةِ مَسَـٰكِينَ مِنْ
أَوْسَطِ مَا تُطْعِمُونَ أَهْلِيكُمْ أَوْ كِسْوَتُهُمْ
أَوْ تَحْرِيرُ رَقَبَةٍ ۖ فَمَن لَّمْ يَجِدْ فَصِيَامُ ثَلَـٰثَةِ
أَيَّامٍ ۚ ذَٰلِكَ كَفَّـٰرَةُ أَيْمَـٰنِكُمْ إِذَا حَلَفْتُمْ

“...അപ്പോൾ അതിന്റെ (അത് ലംഘിക്കുന്നതിന്റെ) പ്രായശ്ചിത്തം നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്ക് നൽകാറുള്ള മദ്ധ്യനിലയിലുള്ള ഭക്ഷണത്തിൽ നിന്ന് പത്തു സാധുക്കൾക്ക് ഭക്ഷിക്കാൻ കൊടുക്കുകയോ, അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുകയോ ആകുന്നു. ഇനി വല്ലവന്നും (അതൊന്നും) കിട്ടിയില്ലെങ്കിൽ മൂന്നു ദിവസം നോമ്പെടുക്കുകയാണ് വേണ്ടത്. നിങ്ങൾ സത്യം ചെയ്തു പറഞ്ഞാൽ, നിങ്ങളുടെ ശപഥങ്ങൾ ലംഘിക്കുന്നതിനുള്ള പ്രായശ്ചിത്തമാകുന്നു അത്. നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക...” (മാഇദ: 89).

അനുവദനീയമായ ഒരു കാര്യത്തെ തന്റെ മേൽ നിഷിദ്ധമാക്കുന്ന ഒരാൾ, അത് ഭക്ഷണമാകട്ടെ, പാനീയമാകട്ടെ, അടിമയാകട്ടെ, അതല്ലെങ്കിൽ അല്ലാഹുവോട് ചെയ്ത ശപഥമാകട്ടെ; ഒരു കാര്യം പ്രവർത്തിക്കലാകാം, ഉപേക്ഷിക്കലാകാം, അങ്ങനെ ശപഥം ലംഘിക്കുകയോ ലംഘിക്കാൻ ഉദ്ദേശിക്കുകയോ ചെയ്താൽ അവന്റെ മേൽ ഈ പറയപ്പെട്ട പ്രായശ്ചിത്തങ്ങൾ നിർബന്ധമാകും.

(അല്ലാഹു നിങ്ങളുടെ യജമാനനാകുന്നു) നിങ്ങളുടെ കാര്യങ്ങൾ ഏറ്റെടുക്കുന്നവൻ; ഏറ്റവും നന്നായി നിങ്ങളെ പരിപാലിക്കുന്നവൻ, ഭൗതികവും മതപരവുമായ കാര്യങ്ങളിലെല്ലാം. അതിൽ നിങ്ങൾക്ക് ദോഷം വരാതിരിക്കാനുള്ള നിയമങ്ങളുണ്ട്. അതിനാലാണ് നിങ്ങൾക്ക് ശപഥം ലംഘിക്കുന്നതിൽ പ്രായശ്ചിത്തം നിയമമാക്കിയത്. അതിലൂടെ നിങ്ങളുടെ ബാധ്യതകളിൽ നിന്ന് നിങ്ങൾക്ക് ഒഴിവാകാനാകും.

(അവനത്രെ സർവജ്ഞനും യുക്തിമാനും) അവൻ നിങ്ങളുടെ ഉള്ളും പുറവും അറിയുന്നു. അവന്റെ സൃഷ്ടിപ്പിലും മതനിയമങ്ങളിലുമെല്ലാം വലിയ യുക്തിയുണ്ട്. നിങ്ങളുടെ സാഹചര്യങ്ങളോട് ബന്ധപ്പെട്ട നിങ്ങളുടെ നന്മയ്ക്ക് ഉതകുന്ന കാര്യങ്ങൾ അവനറിയാം.

4). (നബി അദ്ദേഹത്തിന്റെ ഭാര്യമാരിൽ ഒരാളോട്

ഒരു വർത്തമാനം രഹസ്യമായി പറഞ്ഞ സന്ദർഭം) ഇതിനെക്കുറിച്ച് അധികം വ്യാഖ്യാതാക്കളും പറഞ്ഞത് അത് വിശ്വാസികളുടെ മാതാവ് ഹഫ്സ﵁ ആണെന്നാണ്. നബി ﷺ അവരോട് ഒരു കാര്യം പറഞ്ഞു. അതാരെയും അറിയിക്കരുതെന്ന് കൽപിക്കുകയും ചെയ്തു. എന്നാൽ അവരത് ആഇശ﵁യോട് പറഞ്ഞു. അക്കാര്യം നബിﷺയെ അല്ലാഹു അറിയിച്ചു. അവർ പറഞ്ഞതിൽ ചിലത് നബിﷺ അവരെ അറിയിച്ചു. ചിലത് വിട്ടുകളയുകയും ചെയ്തു. അത് നബിﷺയുടെ വിവേകവും മാന്യതയുമാണ്.

(അവൾ പറഞ്ഞു) അദ്ദേഹത്തോട്. (താങ്കൾക്കാരാണ് ഈ വിവരം അറിയിച്ചുതന്നത്?) ഞങ്ങൾ മറ്റാരോടും പറയാത്ത വിവരം. (നബി) പറഞ്ഞു: സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമയിട്ടുള്ളവനാണ് എനിക്ക് വിവരമറിയിച്ചു തന്നത്. ഒരു രഹസ്യവും രഹസ്യമായി നിൽക്കാത്ത, രഹസ്യവും പരസ്യവുമറിയുന്നവൻ.

4). (നിങ്ങൾ രണ്ടുപേരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നുവെങ്കിൽ (അങ്ങനെ ചെയ്യുക). കാരണം നിങ്ങളുടെ രണ്ടുപേരുടെയും ഹൃദയങ്ങൾ (തിന്മയിലേക്ക്) ചാഞ്ഞുപോയിരിക്കുന്നു). നബില തനിക്ക് ഇഷ്ടപ്പെട്ടത് നിഷിദ്ധമാക്കാൻ കാരണക്കാരായ വിശുദ്ധ പത്നിമാർ ആഇശ﵁യെയും ഹഫ്സ﵁യെയുമാണ് ഇവിടെ അഭിസംബോധന ചെയ്യുന്നത്. അവരോട് പശ്ചാത്തപിക്കാൻ നിർദേശിക്കുകയും അവരെ ആക്ഷേപിക്കുകയുമാണിവിടെ. അവരുടെ ഹൃദയങ്ങൾ തെറ്റിപ്പോയിട്ടുണ്ടെന്ന് അവരെ അറിയിക്കുകയും ചെയ്യുന്നു. അതായത്, അവർ കാണിക്കേണ്ടിയിരുന്ന സൂക്ഷ്മതയിൽ കുറവ് വന്നെന്നും നബിﷺയോട് കാണിക്കേണ്ട ആദരവിലും മര്യാദയിലും അപാകത സംഭവിച്ചിരിക്കുന്നു എന്നും അദ്ദേഹത്തെ പ്രയാസപ്പെടുത്തരുതെന്നും നിർദേശിക്കുന്നു.

(അദ്ദേഹത്തിനെതിരിൽ നിങ്ങൾ സഹകരിക്കുന്ന പക്ഷം) അദ്ദേഹത്തിന് പ്രയാസമുണ്ടാക്കുന്നതിൽ നിങ്ങൾ പരസ്പരം സഹായിക്കുകയും ഈ നിലപാട് തുടരുകയും ചെയ്യുകയാണെങ്കിൽ. (തീർച്ചയായും അല്ലാഹുവാകുന്നു അദ്ദേഹത്തിന്റെ യജമാനൻ. ജിബ്‌രീലും സദ്‌വൃത്തരായ സത്യവിശ്വാസികളും അതിനു പുറമെ മലക്കുകളും അദ്ദേഹത്തിന് സഹായികളായിരിക്കുന്നതാണ്). എല്ലാവരും പ്രവാചകനെ സഹായിക്കുന്നവരും പിന്തുണക്കുന്നവരുമാണ്. ഇവരെല്ലാം ആരുടെ സഹായി ആയിരിക്കുന്നുവോ അവർ വിജയിച്ചവരാണ്. ശത്രുത കാണിച്ചവരാകട്ടെ, ഒഴിവാക്കപ്പെട്ടവരും. ഇവിടെ സ്രഷ്ടാവ് തന്നെയും തന്റെ സവിശേഷ സൃഷ്ടികളെയും ഈ പ്രവാചകന് സഹായികളായിരിക്കുകയാണ്. ഇതിൽ പരിശുദ്ധമായ രണ്ട് പ്രവാചക പത്നിമാർക്ക് വ്യക്തമായ താക്കീതുണ്ട്.

5). പിന്നീട് അവരെ രണ്ടുപേരെയും ഭയപ്പെടുത്തുന്നത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രയാസമുള്ള കാര്യത്തെക്കൊണ്ടാണ്. അത് വിവാഹമോചനമാണ്. അതാവട്ടെ, അവർക്ക് ഏറെ വിഷമമുള്ളതാണ്. (പ്രവാചക പത്നിമാരേ) നിങ്ങളെ അദ്ദേഹം വിവാഹമോചനം ചെയ്യുന്ന പക്ഷം നിങ്ങളെക്കാൾ നല്ലവരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ രക്ഷിതാവ് പകരം നൽകിയേക്കാം). നിങ്ങളദ്ദേഹത്തിന്റെ മേൽ ഉയരാൻ ശ്രമിക്കരുത്. നിങ്ങളെ വിവാഹമോചനം ചെയ്യുന്നതുകൊണ്ട് അദ്ദേഹത്തിന് ബുദ്ധിമുട്ട് വരാനില്ല. നിങ്ങളിലേക്ക് അത്യാവശ്യക്കാരനുമല്ല. നിങ്ങളെക്കാളും ഭംഗിയും ദീനീനിഷ്ഠയുമുള്ളവരെ അല്ലാഹു പകരം നൽകിയേക്കും. ഇത് സംഭവിച്ചതോ സംഭവിക്കാൻ സാധ്യതയുള്ളതോ അല്ല. ഒരു അനുബന്ധം പറഞ്ഞെന്നു മാത്രം. കാരണം അദ്ദേഹം അവരെ വിവാഹമോചനം ചെയ്തിട്ടില്ല. ഇനി ചെയ്താലോ, തുടർന്ന് പറയുന്ന ശ്രേഷ്ഠകളായ ഭാര്യമാരെ അദ്ദേഹത്തിന് ലഭിക്കും. (മുസ്‌ലിംകളും സത്യവിശ്വാസിനികളും) അതായത് പ്രത്യക്ഷമായ ഇസ്‌ലാമിക നിയമങ്ങളെ നിർവഹിക്കുന്നതിലും ആന്തരികമായ വിശ്വാസ കാര്യങ്ങളെയും ഹൃദയത്തിന്റെ പ്രവർത്തനങ്ങളും ഒന്നിച്ചുകൊണ്ടുപോകുകയും ചെയ്യുന്നവർ. (ഭയഭക്തിയുള്ളവർ) ഭയഭക്തികൊണ്ടുദ്ദേശിക്കുന്നത് മതകാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള അനുസരണയും തുടർച്ചയുമാണ്. (പശ്ചാത്താപമുള്ളവരും) അല്ലാഹു വെറുക്കുന്നതിൽ നിന്നും. അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങൾ നിർവഹിക്കുന്നവർ എന്ന വിശേഷണത്തോടൊപ്പം അവന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ സംഭവിച്ചാൽ പശ്ചാത്തപിക്കുന്നവർ എന്നു കൂടി പറഞ്ഞു. (വിധവകളും കന്യകകളുമായിട്ടുള്ളവർ) അതിൽ ചിലർ കന്യകകളും ചിലർ വിധവകളുമായിരിക്കും. നബിﷺ ഇഷ്ടപ്പെടുന്ന കാര്യത്തിലുള്ള വൈവിധ്യമാണ് ഇവിടെ ഉദ്ദേശിച്ചത്. ഈ താക്കീതുകളും ഉപദേശങ്ങളും കേട്ടപ്പോൾ പ്രവാചകന്റെ തൃപ്തിയിലേക്കവർ ധൃതിപ്പെട്ടു. ഈ വിശേഷണങ്ങളത്രയും അവർക്കിണങ്ങുന്നതാണ്. അങ്ങനെ അവർ വിശ്വാസിനികളായ സ്ത്രീകളിൽ ശ്രേഷ്ഠരായി.

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# വിശപ്പിന്റെ വേദനിപ്പിക്കുന്ന കാഴ്ച

“ശല്യപ്പെടുത്താതെ മാറിനിൽക്കങ്ങോട്ട്...”

മാലിന്യങ്ങൾ നിക്ഷേപിക്കുന്ന റോഡരികിലെ സിമന്റ് റിംഗുകൾക്കിടയിൽ നിന്നും ഉയർന്ന ഈ ശബ്ദം എന്നെ ശരിക്കും ഞെട്ടിച്ചുകളഞ്ഞു.

വർഷം 1991. അലനല്ലൂർ ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ വി.എച്ച്.സി.ക്ക് പഠിക്കുന്ന കാലം. അവിചാരിതമായി ഒരു ദിവസം സ്കൂൾ നേരത്തെ വിട്ടപ്പോൾ, കിട്ടുന്ന ബസിന് വീടെത്താൻ ധൃതിയിൽ ബസ്സ്റ്റോപ്പിലേക്ക് നടന്നു പോകുമ്പോഴാണ് ചന്തപ്പടിയിലെ ഒരു ഹോട്ടലിലെ വേസ്റ്റുകൾ നിക്ഷേപിക്കാനായി റോഡരികിൽ സ്ഥാപിച്ച സിമന്റ് റിംഗുകൾക്കുള്ളിൽ നിന്നും മേൽവാചകം മുഴങ്ങിയത്.

ഞാൻ റിംഗിലേക്ക് എത്തിനോക്കി. റിംഗിന്റെ പൊട്ടിയവശത്തുകൂടി എച്ചിൽ കഴിക്കാനായി കടന്നു കൂടാൻ ശ്രമിക്കുന്ന തെരുവു നായയോടാണ് മനോദൗർബല്യമുള്ള ഒരു മനുഷ്യന്റെ ഈ രോഷ പ്രകടനം!

മിക്കപ്പോഴും ശൂന്യതയിലേക്ക് നോക്കി എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അങ്ങാടിയിൽ അലയുന്ന ഈ മനുഷ്യൻ നാട്ടുകാർക്ക് സുപരിചിതനായിരുന്നു. ചെളി കട്ടപിടിച്ച കറുത്ത നിറമുള്ള ദേഹം. കീറിപ്പറിഞ്ഞ, അങ്ങേയറ്റം മുഷിഞ്ഞ വസ്ത്രം മാത്രമെ ധരിച്ച് കണ്ടിട്ടുള്ളൂ. കയ്യിൽ എപ്പോഴും മുഴുത്ത ഒരു വടികാണും. യാചിക്കുന്ന സ്വഭാവമൊന്നും അദ്ദേഹത്തിനില്ല. ആരെങ്കിലും എന്തെങ്കിലും കൊടുത്താൽ വാങ്ങുമെന്ന് മാത്രം. ഉറക്കം കടത്തിണ്ണകളിൽ.

അയാളുടെ ഉച്ചഭക്ഷണം എന്നും ഈ കുപ്പത്തൊട്ടിയിൽ നിന്നാണ്! അതിൽ നിന്നും പങ്കുപറ്റാൻ വന്ന തെരുവുനായയെ കയ്യിലിരിക്കുന്ന വടികൊണ്ട് തല്ലിയോടിക്കുമ്പോഴാണ് ഞാൻ അതുവഴി കടന്ന് പോയത്.

എച്ചിലായി കുപ്പത്തൊട്ടിയിൽ നിക്ഷേപിച്ച വാഴയിലകളിൽ നിന്നും വാരിക്കൂട്ടിയ ചോറും കറികളും മീൻ മുള്ളുമൊക്കെ രുചിയോടെ ആസ്വദിച്ച് കഴിക്കുന്ന ഈ മനുഷ്യന്റെ രൂപം കണ്ണുകളെ ഈറനണിയിക്കുന്നതായിരുന്നു.

വിശപ്പിന്റെ വേദനിക്കുന്ന അന്നത്തെ ആ കാഴ്ച ഇന്നും മനസ്സിൽ മായാതെ കിടക്കുന്നു. വിശപ്പ് ഏതൊരാളെയും എന്തും ചെയ്യിക്കും. കിട്ടുന്നതെന്തും തീറ്റിക്കും!

അമിതാഹാരമൂലം അസുഖബാധിതരായി ആയിരങ്ങൾ ദിനം തോറും ആശുപത്രികൾ കയറിയിറങ്ങുന്ന നമ്മുടെ നാട്ടിൽ വിശപ്പടക്കാൻ തെരുവുനായയെ ആട്ടിയോടിക്കുന്ന ഈ മനുഷ്യൻ ഒരു കൈചൂണ്ടിയാണ്.

രണ്ട് പതിറ്റാണ്ട് മുമ്പ് നടന്ന സംഭവമാണ് ഇതെങ്കിലും ഇന്നും ഇത്തരക്കാരെ നമുക്ക് കാണുവാൻ സാധിക്കും.

ആഹാരം പാഴാക്കിക്കളയുമ്പോൾ ഇത്തരം ആളുകൾ കൂടി നമ്മുടെ ചുറ്റുപാടുകളിൽ ഉണ്ടെന്ന് നാം ഓർക്കണം. വിശക്കുന്ന വയറുകളെ നാം മറക്കരുത്. അവഗണിക്കരുത്. സ്വന്തമായി സഹായിക്കാൻ കഴിയില്ലെങ്കിൽ കഴിയുന്നവരെ അതിന് പ്രേരിപ്പിക്കുകയെങ്കിലും ചെയ്യുക എന്നത് ഒരു പുണ്യകർമമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

“മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്. പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവൻ” (ക്വുർആൻ 107:1-3).

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
2020 FEBRUARY 29

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

### Economics

Despite recent dramatic improvements, one of humanity's most urgent issues is the reduction of global poverty, in all its forms. More than 700 million people still subsist on extremely low incomes. The research conducted by Abhijit Banerjee, Esther Duflo & Michael Kremer has considerably improved the ability to fight global poverty. In just two decades, their new experiment-based approach has transformed development economics, which is now a flourishing field of research.

### Medicine

The fundamental importance of oxygen has been understood for centuries, but how cells adapt to changes in oxygen levels has long been unknown. This year's Nobel Prize awarded work reveals the molecular mechanisms that underlie how cells adapt to variations in oxygen supply, a statement from the Nobel Assembly at Sweden's Karolinska Institute said

### Engineering

There is nothing I believe more strongly than getting young people interested in science and engineering, for a better tomorrow, for all humankind." – Bill Nye (science educator, former mechanical engineer)

### Education

The function of education is to teach one to think intensively and to think critically. Intelligence plus character - that is the goal of true education.
– Martin Luther King, Jr.

# PROFESSIONAL STUDENTS GLOBAL CONFERENCE 24

### Research

No research is ever quite complete. It is the glory of a good bit of work that it opens the way for something still better, and this repeatedly leads to its own eclipse
– MervinGordon

### Management

Corporate culture matters. How management chooses to treat its people impacts everything - for better or for worse.
– Simon Sinek

### Physics

The Nobel Prize in Physics 2019 was awarded "for contributions to our understanding of the evolution of the universe and Earth's place in the cosmos" with one half to James Peebles "for theoretical discoveries in physical cosmology", the other half jointly to Michel Mayor and Didier Queloz "for the discovery of an exoplanet orbiting a solar-type star.

### Chemistry

Lithium-ion batteries have revolutionised the world of technology. The batteries power everyday products such as smartphones, laptops and even electric vehicles. The 2019 Nobel Prize in Chemistry has been awarded to John B. Goodenough, M. Stanley Whittingham and Akira Yoshino "for the development of lithium-ion batteries"

### Environment

Although Nature needs thousands or millions of years to create a new species, man needs only a few dozen years to destroy one

**TO THE RIGHT GOAL, THROUGH THE RIGHT PATH**

24th WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

**2020 MARCH 13 | 14 | 15 KOLLAM**

peaceradio Tune to reality | WISDOM ISLAMIC STUDENTS ORGANIZATION | CV Complex PV Sami Road, Kozhikode 8156812292 | www.profcon.in wisdomstudents wisdomglobaltv